കേരളം ഭ്രാന്താലയമാക്കരുത്

DYFI



# സെക്കുലർ മാർച്ച്

നവംബർ 17 - ഡിസംബർ 5
**കയ്യൂർ - എറണാകുളം**
ജാഥാ ക്യാപ്റ്റൻ : എം.സ്വരാജ്
മാനേജർ : പി.എ.മുഹമ്മദ് റിയാസ്

നവംബർ 19 - ഡിസംബർ 5
**അരുവിപ്പുറം - എറണാകുളം**
ജാഥാ ക്യാപ്റ്റൻ : ടി.വി.രാജേഷ്
മാനേജർ : കെ.എസ്.സുനിൽകുമാർ

ബഹുമാന്യരെ,

രാജ്യം അസ്വസ്ഥതയുടെ വഴികളിലൂടെ സഞ്ചരിച്ചപ്പോഴൊക്കെയും കേരളം വ്യത്യസ്തമായി നിന്നു. ഈ നാടിന്റെ നാലതിരുകൾക്കപ്പുറം വേറൊരു ലോകമാണ്. മലയാളികൾക്ക് പരിചിതമല്ലാത്ത, അവിശ്വസനീയമായ സാമൂഹ്യപരിസരം. അമ്പലങ്ങളിലെ, മസ്ജിദുകളിലെ ഉച്ചഭാഷിണികൾ പോലും കലാപത്തിന്റെ കാരണങ്ങളാകുന്ന ലോകം. ഭക്ഷണം, വേഷം എല്ലാം കർശന നിയന്ത്രണങ്ങളിലൂടെ മാത്രം സാധ്യമാകുന്ന ദേശങ്ങൾ. ദളിതന്റെ ജീവിതത്തിനും സ്വപ്നങ്ങൾക്കും പട്ടടയൊരുക്കുന്ന ഇന്ത്യൻ യാഥാർത്ഥ്യം. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും രൂഢമൂലമായി നിൽക്കുന്ന ഇതരസംസ്ഥാനങ്ങൾ.

കേരളത്തിന്റെ മതസഹിഷ്ണുതയും സഹവർത്തിത്വവും സ്വയംഭൂവല്ല. നവോത്ഥാനത്തിന്റെ നന്മകൾ, പുരോഗമന പ്രസ്ഥാനങ്ങളുടെ സജീവമായ സാന്നിധ്യം, അനുകരണീയമായ വികസനമാതൃക... കേരളത്തെ പടുത്തുയർത്തുകയും നന്മനിറഞ്ഞനാടായി നിലനിർത്തുകയും ചെയ്ത ഘടകങ്ങൾ ഇവയൊക്കെയാണ്. കേരളത്തിന്റെ പുരോഗമനസ്വഭാവം തകർക്കാൻ ബോധപൂർവ്വമായ പരിശ്രമം നടക്കുന്നു. ജാതി വർഗ്ഗീയ ചിന്തകൾ സമൂഹത്തിൽ പ്രചരിപ്പിക്കുന്നു. ആർ.എസ്.എസ് ന്റെ പ്രധാനപ്പെട്ട ശ്രദ്ധാകേന്ദ്രമായി കേരളം മാറുന്നു. ജാതിസംഘടനകളെ വിലയ്ക്കെടുക്കാനും കടുത്ത വർഗ്ഗീയ ധ്രുവീകരണം സൃഷ്ടിക്കുന്നതിനും സംഘപരിവാർ കേരളത്തിൽ പരിശ്രമം നടത്തുന്നു.

പോപ്പുലർഫ്രണ്ട് ഉൾപ്പെടെയുള്ള മതതീവ്രവാദ സംഘടനകളും ഈ ദിശയിൽ തന്നെയാണ് സഞ്ചരിക്കുന്നത്. വർഗ്ഗീയത, കേരളത്തെ വീണ്ടും 'ഭ്രാന്താലയ'മാക്കി മാറ്റും. 'ജാതിരഹിത സമൂഹം, മതനിരപേക്ഷ കേരളം' എന്ന മുദ്രാവാക്യമുയർത്തി 2013 ജനുവരിയിൽ കാസർഗോഡുനിന്ന് തിരുവനന്തപുരത്തേക്ക് ഡി.വൈ.എഫ്.ഐ യൂത്ത് മാർച്ച് സംഘടിപ്പിച്ചിരുന്നു. കേരളത്തിന്റെ മതനിരപേക്ഷതയ്ക്കും നന്മയ്ക്കും കാവൽ നിൽക്കാൻ ഡി.വൈ.എഫ്.ഐ പ്രതിജ്ഞാബദ്ധമാണ്. വർഗ്ഗീയ ഫാസിസ്റ്റുകളുടെ, മതതീവ്രവാദികളുടെ പരീക്ഷണശാലയായി കേരളം മാറാതിരിക്കാൻ ക്ഷുഭിത യൗവ്വനം ജനമനസ്സുകളിലേക്ക് സഞ്ചരിക്കുന്നു. 1888-ൽ ശ്രീനാരായണഗുരു പ്രതിഷ്ഠ നടത്തിയ അരുവിപ്പുറത്തുനിന്നും, സാമ്രാജ്യത്വവിരുദ്ധ പോരാട്ടത്തിന്റെ ചരിത്രഭൂമിയായ കയ്യൂരിൽ നിന്നും രണ്ട് യുവജനമാർച്ചുകൾ എറണാകുളത്ത് സംഗമിക്കും. വർഗ്ഗീയവിഷം തീണ്ടാതെ കേരളത്തെ സംരക്ഷിക്കാൻ പ്രതിജ്ഞാബദ്ധതയോടെ ഞങ്ങൾ ചുവടുവയ്ക്കുമ്പോൾ ചരിത്രത്തിലേക്കുള്ള ഈ പ്രയാണത്തിന് - സെക്കുലർ മാർച്ചിന് - സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു. .

അഭിവാദനങ്ങളോടെ,
**എം.സ്വരാജ്**
സെക്രട്ടറി
സംസ്ഥാന കമ്മിറ്റി

# ഉന്നംവയ്ക്കുന്നു; ഓരോരുത്തരെയായി

**എം.ബി.രാജേഷ്**

ചോരയും കരിയും പുരണ്ട ദുരന്തവൃത്താന്തങ്ങളാൽ മാധ്യമങ്ങൾ നിറയുകയാണ്. വികൃതമാക്കിയ ശരീരങ്ങളുടെ ചോരമണവും കരിഞ്ഞ മനുഷ്യമാംസത്തിന്റെ ഗന്ധവും രാജ്യത്തിന്റെ പലകോണുകളിൽ നിന്നും ഉയരുന്നു. ഇരകളുടെ കൂട്ടത്തിൽ ആദ്യം ന്യൂനപക്ഷമെങ്കിൽ ഇപ്പോൾ ദളിതരും. ഇതെഴുതുമ്പോൾ ഒടുവിൽ വന്ന വാർത്ത കർണ്ണാടകത്തിലെ യുവ എഴുത്തുകാരനു നേരെ നടന്ന ആക്രമണത്തിന്റേതാണ്. ദളിതനായ വിച്ചാഗിപ്രസാദ് ജാതിവിവേചനത്തെക്കുറിച്ച് എഴുതിയത് ഹിന്ദുവിരുദ്ധമെന്ന് ആരോപിച്ചാണ് ആക്രമണം. ഇനിയും ഇങ്ങനെ എഴുതിയാൽ വിരൽമുറിച്ചു കളയുമെന്നാണത്രേ ഭീഷണി. സംഘപരിവാർ അക്രമാസക്തമായി മുന്നോട്ടുവെക്കുന്ന ഹിന്ദുത്വം ന്യൂനപക്ഷ വിരുദ്ധം മാത്രമല്ല ജാതിവ്യവസ്ഥയിലും ചാതുർവർണ്ണ്യത്തിലും അധിഷ്ഠിതവും ദളിത്-പിന്നോക്ക വിരുദ്ധവും കൂടിയാണെന്നർത്ഥം. മോഡി ഭരണത്തിൽ സംഘപരിവാർ ന്യൂനപക്ഷങ്ങൾക്കെതിരായ ആക്രമണങ്ങൾ ശക്തിപ്പെടുത്തിയതിനൊപ്പം ദളിത് പീഢനത്തിന്റെ സംഭവങ്ങളും വർദ്ധിച്ചത് യാദൃച്ഛികമല്ല. ബീഫ് കഴിച്ചെന്നാരോപിച്ച് മുഹമ്മദ് അഖ്ലാഖിനെ തല്ലിക്കൊന്നതിന്റെ അടുത്ത ദിവസം യു.പി.യിൽ തൊണ്ണൂറുകാരനായ ദളിതനെ ക്ഷേത്രത്തിൽ കയറിയ കുറ്റത്തിന് ചുട്ടുകൊന്നു. ഹരിയാനയിൽ രണ്ടു പിഞ്ചുകുഞ്ഞുങ്ങളടക്കം ദളിത് കുടുംബത്തെ തിവെച്ചുകൊന്നതും അതിനെ തെരുവുനായയെ കല്ലെറിയുന്നതിനോട് ഉപമിച്ച കേന്ദ്രമന്ത്രി വി.കെ.സിങ്ങിന്റെ ഹൃദയശൂന്യമായ പ്രതികരണവും നാം കേട്ടു. തൊട്ടടുത്ത ദിവസം ഹരിയാനയിൽ തന്നെ സവർണ്ണന്റെ പ്രാവിനെ മോഷ്ടിച്ചതിന് പോലീസ്

കസ്റ്റഡിയിലെടുത്ത ദളിത് ബാലന്റെ കസ്റ്റഡിമരണം വിവാദമായിരിക്കുന്നു. പശുവിന്റെയും പ്രാവിന്റെയും പേരിൽ ന്യൂനപക്ഷത്തെയും ദളിതനെയും നിർദ്ദയം കൊല്ലുന്നതിനെ മൗനം കൊണ്ടു ന്യായീകരിക്കുന്ന 'പിന്നോക്കക്കാരനായ' പ്രധാനമന്ത്രിയുടെ ഡിജിറ്റൽ ഇന്ത്യയെക്കുറിച്ചുള്ള ഗീർവാണ പ്രസംഗങ്ങൾ പുച്ഛമല്ലാതെ മറ്റെന്താണ് കേൾവിക്കാരിലുണ്ടാക്കുക? ന്യൂനപക്ഷ വിരോധം പോലെ ചാതുർവർണ്ണ്യജന്യമായ ദളിത് വിരോധവും സംഘപരിവാറിന്റെ രക്തത്തിൽ അലിഞ്ഞു ചേർന്നതാണ്. ആർ.എസ്.എസ്. രൂപീകരണത്തിന്റെ ചരിത്ര പശ്ചാത്തലവും അവരുടെ പ്രത്യയശാസ്ത്രവും രീതിശാസ്ത്രവും നോക്കിയാൽ ഇതു വ്യക്തമാകും.

1920–കളിലുടനീളം ഇന്ത്യൻ രാഷ്ട്രീയത്തിന്റെ വൻതോതിലുള്ള വർഗ്ഗീയവൽക്കരണം സംഭവിക്കുകയും ഗാന്ധിജി നിസ്സഹകരണ പ്രസ്ഥാനം പിൻവലിച്ചതിനുശേഷം ഉത്തരേന്ത്യയിലും പൂർവ്വേന്ത്യയിലും വ്യാവകമായ വർഗ്ഗിയകലാപങ്ങളുണ്ടാവുകയും ചെയ്തപ്പോഴും താരതമ്യേന കലാപമുക്തമായിരുന്ന മഹാരാഷ്ട്രയിലാണ് 1925 ൽ ആർ.എസ്.എസിന്റെ ജനനം എന്നത് കൗതുകകരമാണ്. പ്രധാന കലാപങ്ങളൊന്നും ഉണ്ടായില്ല എന്നു മാത്രമല്ല അവിടെ തീരെ ചെറിയ ന്യൂനപക്ഷമായിരുന്ന മുസ്ലീങ്ങൾ ഒരു 'ഭീഷണി'യേ ആയിരുന്നില്ല. എന്നാൽ, സവർണ്ണ മേൽക്കോയ്മക്ക് എതിരായ മറ്റൊരു 'ഭീഷണി' അന്ന് മഹാരാഷ്ട്രയിൽ വളർന്നു വന്നു. 1870 ൽ ജ്യോതിബാഫുലേ സത്യശോധക് സമാജ് രൂപീകരിച്ചതു മുതൽ ബ്രാഹ്മണ മതത്തിനെതിരായ പിന്നോക്കക്കാരുടെ ശക്തമായ പ്രസ്ഥാനം വളർന്നു വന്നു. ജാതീയമായ അടിച്ചമർത്തലിന് ന്യായീകരണം നൽകുന്ന പ്രത്യയശാസ്ത്രത്തേയും വിശുദ്ധഗ്രന്ഥങ്ങളെയും നിർദ്ദയം കടന്നാക്രമിച്ച ജ്യോതിബാഫുലേയിൽ നിന്ന് പ്രചോദനമുൾക്കൊണ്ട നവോത്ഥാനം, വർണ്ണാശ്രമ വ്യവസ്ഥയിൽ പ്രതിജ്ഞാബദ്ധരായ സവർണ്ണ വിഭാഗങ്ങളിൽ പരിഭ്രാന്തിയുണ്ടാക്കി. 1920–കളായപ്പോഴേക്കും ഡോ.അംബേദ്ക്കറുടെ നേതൃത്വത്തിൽ ദളിത് മുന്നേറ്റം ശക്തിപ്പെട്ടു. ഈ മുന്നേറ്റങ്ങളോടുള്ള സവർണ്ണ പ്രതികരണമായാണ് 1920 ൽ ഹിന്ദുമഹാസഭയും 1925 ൽ കുറേക്കൂടി സുശിക്ഷിതമായ ഹിന്ദുത്വ സംഘടന എന്ന ലക്ഷ്യത്തോടെ ആർ.എസ്.എസും രൂപം കൊള്ളുന്നത്. മഹാരാഷ്ട്രയിലെ ചിത്പാവൻ ബ്രാഹ്മണ വിഭാഗമാണ് ഇതിന് നേതൃത്വം കൊടുത്തത്. മുസ്ലീം വിരോധത്തേക്കാൾ ദളിത്–പിന്നോക്ക വിരോധമായി

രുന്നു ആർ.എസ്.എസ്. രൂപീകരണത്തിന്റെ അടിയന്തിര കാരണം. പിന്നീട് ആർ.എസ്.എസ്. മേധാവിയായിരുന്ന ഗോൾവാൾക്കർ 'നാം അഥവാ നമ്മുടെ രാഷ്ട്രം നിർവ്വചിക്കപ്പെടുന്നു', 'വിചാരധാര' എന്നീ പുസ്തകങ്ങളിലൂടെ ആർ.എസ്.എസ് പ്രത്യയശാസ്ത്ര പദ്ധതി രൂപപ്പെടുത്തിയപ്പോൾ, മുസ്ലീങ്ങളുൾപ്പെടെയുള്ള ന്യൂനപക്ഷങ്ങളും കമ്മ്യൂണിസ്റ്റുകാരുമെല്ലാം പുറത്തുനിന്നു വന്നവരും ശത്രുക്കളുമായി പ്രതിഷ്ഠിക്കപ്പെടുകയുമായിരുന്നു.

ആർ.എസ്.എസിന്റെ ദളിത്-പിന്നോക്ക വിരോധത്തിന്റെ പ്രത്യയശാസ്ത്രം 'മനുസ്മൃതി'യിൽ അധിഷ്ഠിതമാണ്. ആർ.എസ്.എസിന്റെ വേദപുസ്തകമായി കണക്കാക്കപ്പെടുന്ന 'നാം അഥവാ നമ്മുടെ രാഷ്ട്രം നിർവ്വചിക്കപ്പെടുന്നു' എന്ന കൃതിയിൽ ഗോൾവാൾക്കർ മനുസ്മൃതിയോടുള്ള പ്രതിബദ്ധത വ്യക്തമാക്കിയിട്ടുണ്ട്. ലോകത്തെ ആദ്യത്തേയും ഒപ്പം എക്കാലത്തേയും മഹാനായ നിയമജ്ഞനായാണ് ഗോൾവാൾക്കർ മനുവിനെ വിശേഷിപ്പിക്കുന്നത്. മനുസ്മൃതിയെ ഉയർത്തിപ്പിടിക്കുന്ന ഗോൾവാൾക്കറും സംഘപരിവാറും ജാതീയവും മതപരവുമായ വിവേചനം വിലക്കുന്ന ഇന്ത്യൻ ഭരണഘടനയെ അഭാരതീയമായി കണക്കാക്കുന്നവരാണ്. 1949 ൽ ലഖ്നൗവിൽ ഗോൾവാൾക്കർ ഇത് പരസ്യമായി പറഞ്ഞു. വിശ്വഹിന്ദുപരിഷത്താകട്ടെ, ഭരണഘടന ഹിന്ദു വിരുദ്ധമാണെന്ന് ആരോപിക്കുന്നു. വിചാരധാരയിൽ ബ്രാഹ്മണൻ ശിരസ്സും ക്ഷത്രിയൻ ബാഹുക്കളും വൈശ്യൻ തുടകളും ശൂദ്രൻ കാൽപ്പാദങ്ങളുമാണെന്നും ഗോൾവാൾക്കർ പറയുന്നു. ഇങ്ങനെ നിർലജ്ജം ചാതുർവർണ്ണ്യത്തെ ന്യായീകരിക്കാനും അതിലൂന്നുന്ന 'ഹിന്ദുരാഷ്ട്രം' നിർമ്മിക്കാനും പ്രവർത്തിക്കുന്നവർക്ക് ഭരണഘടന അഭാരതീയവും ഹിന്ദുവിരുദ്ധവും ആയില്ലെങ്കിലേ അത്ഭുതമുള്ളൂ.

ഇനി അംബേദ്ക്കർ കത്തിക്കാൻ ആഹ്വാനം ചെയ്തതും ഗോൾവാൾക്കർ മഹത്വവൽക്കരിക്കുന്നതുമായ മനുസ്മൃതി ശൂദ്രനേയും അതിൽ താഴെയുള്ളവരേയും എങ്ങിനെ കാണുന്നുവെന്നു നോക്കുക. ബ്രാഹ്മണൻ ഒഴികെ സ്ത്രീകളും ശൂദ്രരും അടക്കം ആരേയും കൊല്ലുന്നത് നിസ്സാര കുറ്റമായിട്ടാണ് മനുസ്മൃതി കണക്കാക്കുന്നത്. ശൂദ്രന് സ്വത്ത് ആർജ്ജിക്കാനും കൈവശം വെക്കാനും അധികാരമില്ലെന്നും ശൂദ്രന് അനുവദിക്കാവുന്ന സ്വത്ത്

പട്ടിയും കഴുതയും മാത്രമാണെന്നും പറയുന്നു. ദളിത് കുടുംബത്തെ ചുട്ടുകൊന്നതിനെ പട്ടിയെ കല്ലെറിയുന്നതിനോട് ഉപമിച്ച കേന്ദ്രമന്ത്രി വി.കെ.സിങ്ങിന്റെ മനോഭാവം, മനുസ്മൃതിയിൽ അധിഷ്ഠിതമായ സംഘപരിവാർ പ്രത്യയശാസ്ത്രത്തിന്റെ നിർമ്മിതിയാണെന്നർത്ഥം.

സംഘപരിവാർ 'ഹിന്ദുത്വ'ത്തിന്റെ അടിത്തറയായ ബ്രാഹ്മണമതം ശൂദ്രനെ എത്ര നികൃഷ്ടമായിട്ടാണ് കാണുന്നത് എന്ന് അപശൂദ്രാധികരണത്തിനുള്ള (ബ്രഹ്മസൂത്രം ഒന്നാമധ്യായം മൂന്നാം പാദം 34 മുതൽ 38 കൂടി അഞ്ചുസൂത്രങ്ങളടങ്ങുന്ന ഖണ്ഡം) ശങ്കരഭാഷ്യം വ്യക്തമാക്കുന്നുണ്ട്. ഉപനയനം വിധിച്ചിട്ടില്ലാത്ത ശൂദ്രന് വേദപഠനം നിഷിദ്ധമാണ് എന്നത്രേ ശങ്കരഭാഷ്യം. ഇനി നിഷിദ്ധമായ വേദം ശൂദ്രൻ ശ്രവിച്ചാലുള്ള ശിക്ഷ ഗൗതമധർമ്മ സൂത്രപ്രകാരം ഈയവും അരക്കും ഉരുക്കിയൊഴിക്കലാണ്. നടക്കുന്ന പട്ടടയായ ശൂദ്രന്റെ സമീപത്തു പോലും വേദാദ്ധ്യായനം പാടില്ല എന്ന് വസിഷ്ഠ ധർമ്മസൂത്രം വിധിക്കുന്നു. ഇനി ഈ വിലക്കെല്ലാം ലംഘിച്ച് ശൂദ്രൻ വേദം പഠിച്ചാൽ അവന്റെ ശരീരം പിളർക്കണം, വേദം ഉച്ചരിച്ചാൽ അവന്റെ നാവരിയണം. എന്ന് ഗൗതമധർമ്മ സൂത്രം കൽപിക്കുന്നു. മനുസ്മൃതിയാവട്ടെ, ശൂദ്രന് ജ്ഞാനം നൽകരുത് എന്ന് അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കുന്നു. ഈ മനുസ്മൃതിയുടെയും സവർണ്ണമതത്തിന്റെയും അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സംഘപരിവാറിൽ നിന്ന് ദളിത്-പിന്നോക്ക വിഭാഗങ്ങൾക്ക് എന്ത് നീതിയാണ് പ്രതീക്ഷിക്കാനുള്ളത്? ഈ അവർണ്ണ വിരുദ്ധത അവരുടെ പ്രത്യയശാസ്ത്രത്തിന്റെ തന്നെ അന്തർധാരയായി പ്രവർത്തിക്കുന്നത് കൊണ്ടാണ് കേരളത്തിലെ സാമൂഹിക നവോത്ഥാനത്തിന്റെയും സാമൂഹിക നീതിക്കായുള്ള പ്രസ്ഥാനങ്ങളുടെയും മാത്രമല്ല, ക്ഷേത്ര പ്രവേശനത്തിനായുള്ള പ്രക്ഷോഭങ്ങളുടെ ചരിത്രത്തിൽ പോലും സംഘപരിവാറിന് ഇടമില്ലാത്തത്.

ജാതിവിവേചനം ദു;സ്സഹമായപ്പോൾ രക്ഷതേടി മതപരിവർത്തനം നടത്തിയവരെ 'വീട്ടിലേക്ക് തിരിച്ചു വിളിക്കാനും' പട്ടികജാതിക്കോളനികളിൽ ചെന്ന് പുതിയ ചെറുപ്പക്കാരുടെ കയ്യിൽ കാവിച്ചരട് ബന്ധിക്കാനും ജാതിഭ്രാന്ത് മൂത്ത് പോയതിന് ശങ്കരാചാര്യരെപ്പോലും വിമർശിച്ച ശ്രീനാരായണഗുരുവിനെ കാവിപുതപ്പിക്കാനും ഇറങ്ങിപ്പുറപ്പെട്ട ആർ.എസ്.എസ് ജാതിവിലക്കുകൾക്കും, ജാതീ

യമായ വിവേചനങ്ങൾക്കും നേരേ ആധുനിക കേരളത്തിലും അർത്ഥഗർഭമായ മൗനമാണ് അവലംബിച്ചിട്ടുള്ളത്. ഒരുദാഹരണം പറയാം. ഈഴവനായ വയലാർ രവിയുടെ ഭാര്യ മേഴ്സി രവി കൃസ്ത്യാനിയായതിനാൽ പേരക്കുട്ടിയുടെ ചോറൂണിന്റെ പേരിൽ ഗുരുവായൂരിൽ പുണ്യാഹം തളിച്ച് 'ശുദ്ധിവരുത്തിയ' അപരിഷ്കൃതത്വത്തിനെതിരെ കേരളത്തിലുയർന്ന പ്രതിഷേധത്തിന്റെ വിരുദ്ധ പക്ഷത്ത് നിലയുറപ്പിച്ചത് സംഘപരിവാർ മാത്രമായിരുന്നു. അന്ന് കക്ഷിരാഷ്ട്രീയ പരിഗണനകൾ കണക്കിലെടുക്കാതെ പ്രതികരിച്ച ഡി.വൈ.എഫ്.ഐ. രണ്ടാം ഗുരുവായൂർ സത്യാഗ്രഹവുമായി രംഗത്ത് വന്നപ്പോൾ കേരളത്തിലെ ഉൽപ്പതിഷ്ണു സമൂഹം മുഴുവൻ ഒപ്പം നിന്നു.

ഇതേ സവർണ്ണ താത്പര്യമാണ് 1989-91 കാലയളവിൽ മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുന്നതിനെതിരായ രാജ്യവ്യാപകമായി സംവരണ വിരുദ്ധ പ്രക്ഷോഭം ആളിക്കത്തിക്കാൻ സംഘപരിവാറിനെ പ്രേരിപ്പിച്ചത്. ഒടുവിൽ മണ്ഡൽ റിപ്പോർട്ട് നടപ്പാക്കാൻ തീരുമാനിച്ച വി.പി.സിങ്ങ് സർക്കാരിനെ കോൺഗ്രസുമായി ചേർന്ന് ബി.ജെ.പി. പുറത്താക്കുകയും ചെയ്തു. മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് വിവാദം സവർണ്ണ-അവർണ്ണ ജാതി വൈരം മൂർച്ഛിപ്പിച്ചതോടെ സവർണ്ണ താത്പര്യ സംരക്ഷണാർത്ഥം തീവ്ര വർഗ്ഗീയ അജണ്ടയുമായി രംഗത്തിറങ്ങി. രാമക്ഷേത്ര മുദ്രാവാക്യവുമായി ജാതിവൈരുദ്ധ്യത്തെ വർഗ്ഗീയ ധ്രുവീകരണമാക്കി തിരിച്ചുവിടുകയും ചെയ്തു. സവർണ്ണ മേധാവിത്വത്തിലൂന്നിയ ആ സംവരണ വിരോധം മൂലമാണ് ബി.ജെ.പി.ക്ക് ഒറ്റക്ക് ഭൂരിപക്ഷവും ആർ.എസ്.എസിന് പൂർണ്ണ നിയന്ത്രണവുമുള്ള മോഡി സർക്കാരിനോട് സംവരണം പുന:പരിശോധിക്കാൻ മോഹൻഭാഗവത് നിരന്തരം ആവശ്യപ്പെടുന്നത്. അതുകൊണ്ടാണ് ദളിതനെ ചുട്ടുകൊന്നതിനെ നായയെ കല്ലെറിയുന്നത്ര ലഘുവായി കാണുന്ന മന്ത്രി മോഡിയുടെ മന്ത്രിസഭയിൽ ഇപ്പോഴും തുടരുന്നത്. ഗുജറാത്ത് വംശഹത്യയെ കാറിനടിയിൽ പട്ടി കുരുങ്ങിയതിനോടായിരുന്നല്ലോ നരേന്ദ്രമോഡി വിശേഷിപ്പിച്ചത്. ന്യൂനപക്ഷങ്ങൾക്കു പിന്നാലെ ദളിതരേയും വേട്ടയാടുന്ന മോഡിയുടെ കാലത്തെ ഇന്ത്യ, ഹിറ്റ്ലറുടെ കാലത്ത് ജീവിച്ച ജർമ്മൻ കവി നിയോമുള്ളറുടെ പ്രസിദ്ധമായ വരികൾ ഓർമ്മിപ്പിക്കുന്നുണ്ട്.

“ആദ്യം അവർ ജൂതരെ തേടി വന്നു
ഞാനൊന്നും പറഞ്ഞില്ല
കാരണം ഞാൻ ജൂതനായിരുന്നില്ല
പിന്നീട് അവർ കത്തോലിക്കരെ തേടി വന്നു
ഞാനൊന്നും പറഞ്ഞില്ല
കാരണം ഞാൻ കത്തോലിക്കനായിരുന്നില്ല
ശേഷം അവർ കമ്മ്യൂണിസ്റ്റുകാരെ തേടി വന്നു
ഞാനൊന്നും പറഞ്ഞില്ല
കാരണം ഞാൻ കമ്മ്യൂണിസ്റ്റുമായിരുന്നില്ല
ഒടുവിൽ അവർ എന്നെത്തേടി വന്നു
അപ്പോഴേക്കും എനിക്ക് വേണ്ടി സംസാരിക്കാൻ
ആരും അവശേഷിച്ചിരുന്നില്ല”

അവർ ഓരോരുത്തരെയായി ഉന്നംവെക്കുകയാണ്. ആരും ബാക്കിയാവാതെ വരും മുൻപ് നമുക്ക് ഒരുമിച്ച് ചെറുക്കാം.

# ഗുരുവിന്റെ മതം

## സുനിൽ പി.ഇളയിടം

കൊല്ലവർഷം 1091 ഇടവം 1ന് (1916 ജൂൺ) ആലുവ അദ്വൈത താശ്രമത്തിൽ നിന്നും പുറപ്പെടുവിച്ച വിളംബരത്തിൽ ശ്രീനാരായ ണഗുരു ലോകത്തോട് ഇങ്ങനെ പറഞ്ഞു.

നാം ജാതിമതഭേദം വിട്ടിട്ട് ഇപ്പോൾ ഏതാനും സംവത്സരങ്ങൾ കഴിഞ്ഞിരിക്കുന്നു. എന്നിട്ടും ചില പ്രത്യേക വർഗ്ഗക്കാർ നമ്മെ അവ രുടെ വർഗത്തിൽ പെട്ടതായി വിചാരിച്ചും പ്രവർത്തിച്ചും വരുന്ന തായും അതു ഹേതുവായി പലർക്കും നമ്മുടെ വാസ്തവത്തിന് വിരുദ്ധമായ ധാരയ്ക്കിടവന്നിട്ടുണ്ടെന്നും അറിയുന്നു.

നാം പ്രത്യേക ജാതിയിലോ മതത്തിലോ ഉൾപ്പെടുന്നില്ല. വിശേ ഷിച്ചും നമ്മുടെ ശിഷ്യവർഗത്തിൽ നിന്നും മേൽപ്രകാരമുള്ളവരെ മാത്രമെ നമുക്ക് പിൻഗാമിയായി വരത്തക്കവിധം ആലുവ ആദ്വൈ താശ്രമത്തിൽ ശിഷ്യസംഘത്തിൽ ചേർത്തിട്ടുള്ളൂ എന്നും മേലും ചേർക്കുകയുള്ളു എന്നും വ്യവസ്ഥപ്പെടുത്തിയിരിക്കുന്നതുമാകുന്നു.

ഈ വസ്തുത പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധം ചെയ്തിരിക്കുന്നു.

(പ്രബുദ്ധകേരളം പുസ്തകം 1, 1091 മിഥുനം).

തന്റെ മതജീവിതത്തെക്കുറിച്ചുള്ള ഗുരുവിന്റെ ഈ വിളംബരത്തിന് ഇപ്പോൾ ഒരു നൂറ്റാണ്ട് തികയാറായിരിക്കുന്നു. "നാം പ്രത്യേക ജാതി യിലോ മതത്തിലോ ഉൾപ്പെടുന്നില്ല" എന്ന ആ മഹാനുഭാവന്റെ ഖണ്ഡിതമായ പ്രഖ്യാപനം നമുക്കുമുന്നിൽ പകൽവെളിച്ചം പോലെ നിലനിൽക്കെത്തന്നെയാണ് ഗുരുവിനെ ഈഴവ നേതാവും ഹിന്ദുമത സന്യാസിയുമായി ഉറപ്പിച്ചെടുക്കാനുള്ള ശ്രമങ്ങൾ അര ങ്ങേറുന്നത്. ഗുരുവിനെ ഈഴവ നേതാവാക്കാനുള്ള ശ്രമങ്ങൾക്ക് ദീർഘകാലത്തെ ചരിത്രമുണ്ടെങ്കിൽ ഹിന്ദുത്വരാഷ്ട്രീയത്തിന്റെ വിഷലിപ്തമായ വർഗീയവാദത്തിന്റെ ഉപകരണമായി അദ്ദേഹത്തെ ഉപയോഗിക്കാനുള്ള ശ്രമങ്ങൾക്ക് ആക്കം കൂടിയത് താരതമ്യേന

സമീപകാലത്താണ്. ശ്രീനാരായണധർമ്മ പരിപാലനത്തിനായി സംസ്ഥാപിതമായ സംഘടന തന്നെ, ഗാന്ധിവധം മുതൽ ഗുജറാത്ത് കൂട്ടക്കൊലവരെയുള്ളവയുടെ ആസൂത്രകരും പ്രയോക്താക്കളുമായ രക്താഭിഷിക്ത സംഘവുമായി ഗുരുവിനെയും ഗുരുപാരമ്പര്യത്തെയും കൂട്ടിക്കെട്ടാൻ ശ്രമിക്കുന്നു എന്നത് ചരിത്രത്തിലെ മഹാവിപര്യയങ്ങളിലൊന്നാണ്. 'ഹാ! തത്വം വേത്തി കോപിന:' എന്ന് ഗുരു വിലാപസ്വരത്തിൽ പറഞ്ഞത് തന്റെ പേരിൽ വരാനിരിക്കുന്ന ഇത്തരം പ്രവർത്തനങ്ങൾ മുൻകൂട്ടി കണ്ടതുകൊണ്ടായിരിക്കണം!

ഗുരുവിന്റെ മതദർശനത്തെ സവിശേഷമായി നോക്കിക്കാണണമെങ്കിൽ പത്തൊമ്പതാം ശതകത്തിന്റെ രണ്ടാം പകുതിയിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിലുമായി ഇന്ത്യയിൽ അരങ്ങേറിയ നവോത്ഥാന പ്രക്രിയയെയും മതവുമായി അത് നടത്തിയ നാനാതരം വിനിമയങ്ങളെയും സൂക്ഷ്മ വിശകലനത്തിന് വിധേയമാക്കേണ്ടതുണ്ട്. നവോത്ഥാനം എന്ന് നാം സാധാരണയായി പരാമർശിച്ചുപോരുന്ന പ്രക്രിയയെകുറിച്ച് ധാരാളം ഭിന്നാഭിപ്രായങ്ങൾ ഇപ്പോൾ നിലവിലുണ്ട് എന്നത് വാസ്തവമാണ്. ആ ഭിന്നാഭിപ്രായങ്ങളപ്പാടെ അസംബദ്ധമാണെന്ന് പറയാനാവില്ലെങ്കിലും, ഇന്ത്യൻ മതജീവിതത്തിൽ നവോത്ഥാനം നാനാവിധത്തിൽ ഇടപെട്ടു എന്നത് സംശയരഹിതമാണ്. മതനവീകരണം മുതൽ ജാതി-മത നശീകരണം വരെയുള്ള ഭിന്നതാൽപര്യങ്ങളോടെ പ്രവർത്തിച്ച വ്യത്യസ്ത കൂട്ടായ്മകളുടെയും പ്രസ്ഥാനങ്ങളുടെയും ചരിത്രമാണ് നവോത്ഥാനം നമുക്കുമുന്നിൽ അനാവരണം ചെയ്യുന്നത്. അതിൽ ഒരു ഭാഗത്ത് ആര്യ സമാജവും ബ്രഹ്മസമാജവും പോലെ, ഹിന്ദുമതത്തെ ആഭ്യന്തരമായി നവീകരിക്കാനും ജാതി മർദനത്തിന്റെയും ജാതി വിവേചനത്തിന്റെയും അസ്വാരസ്യങ്ങൾ ഇല്ലാതാക്കി ആധുനികവും സുദൃഢവുമായ ഒരു ഏകാത്മക മതമായി അതിനെ പുന:സംഘടിപ്പിക്കാനുമുള്ള ശ്രമമാണ് നാം കാണുന്നത്. ദയാനന്ദ സരസ്വതിയും രാജാറാം മോഹൻറോയിയും ഈശ്വരചന്ദ്രവിദ്യാസാഗറും ഉൾപ്പെടെയുള്ളവരുടെ പരിശ്രമങ്ങളുടെ കാതൽ ഇതാണെന്നു പറയാം. സവർണവും മധ്യവർഗപരവും നാഗരികവുമായ താൽപര്യങ്ങളാൽ നയിക്കപ്പെട്ട മതപരിഷ്കരണ സംരംഭങ്ങളായിരുന്നു അവ. ഇതിന്റെ മറുപുറത്താണ് മഹാത്മാ ഫുലെയും അയ്യങ്കാളിയും പൊയ്കയിൽ അപ്പച്ചനും രാമസ്വാമി നായ്ക്കരും മറ്റും ഉൾപ്പെടുന്ന നവോത്ഥാന നായകരുടെ നില. ഹിന്ദുമത പരിഷ്കരണമല്ല ജാതിനശീകരണമാ

യിരുന്നു അവരുടെ അടിസ്ഥാന ലക്ഷ്യം. സത്യോശോധക് സമാജവും അബ്രാഹ്മണ പ്രസ്ഥാനവും മുതൽ സാധുജന പരിപാലന സംഘവും പ്രത്യക്ഷ രക്ഷാ ദൈവസഭയും വരെയുള്ള പ്രസ്ഥാനങ്ങൾ പരമ്പരാഗത ഹിന്ദുമതത്തോടോ അതിന്റെ ആഭ്യന്തര നവീകരണത്തോടോ എന്തെങ്കിലും ആഭിമുഖ്യം വച്ചുപുലർത്തിയിട്ടില്ല. അംബേദ്കർ നിരീക്ഷിക്കുന്നതുപോലെ ഹിന്ദുമതമെന്നാൽ അടിസ്ഥാനപരമായി ജാതിതന്നെയാണെന്ന് തിരിച്ചറിഞ്ഞു കൊണ്ടാണ് ഈ പ്രസ്ഥാനങ്ങൾ പ്രവർത്തിച്ചത്.

ശ്രീനാരായണഗുരുവിന്റേത് ഈ രണ്ടു വഴികളും ആയിരുന്നില്ല. സവർണവും മധ്യവർഗപരവുമായ താൽപര്യങ്ങളിൽ അടിയുറച്ചു നിന്നു കൊണ്ട് ഹിന്ദുമതത്തെ ആഭ്യന്തരമായി നവീകരിക്കാനല്ല ഗുരു ശ്രമിച്ചത്. അതേസമയം തന്നെ നവോത്ഥാനത്തിന്റെ കീഴാള ധാര എന്നു വിശേഷിപ്പിക്കപ്പെടുന്ന പ്രസ്ഥാനങ്ങളെപ്പോലെ ആധുനികവും യുക്തിപ്രമാണപരവുമായ സമുദായ പരിഷ്കരണ താൽപ്പര്യം മാത്രമല്ല ഗുരു വച്ചുപുലർത്തിയിരുന്നതും. മതാനുഭവത്തിന്റെയും ദൈവാനുഭൂതിയുടെയും ലോകം നാരായണഗുരുവിനെ സംബന്ധിച്ച് പ്രാധാന്യമുള്ള ഒന്നുതന്നെയായിരുന്നു. ഈ ദൈവാനുഭവത്തെ പരമ്പരാഗതവും ഔപചാരികവുമായ മതജീവിതത്തിനും അതിന്റെ ആചാരപരവും പൗരോഹിത്യ നിഷ്ഠവുമായ സ്വരൂപത്തിനും പുറത്തുകൊണ്ടുവന്നതിനാലാണ് ഗുരുവിന്റെ ഇടപെടലിന്റെ വിപ്ലവപരമായ ഉള്ളടക്കം കുടികൊള്ളുന്നത്. ലളിതമായി പറഞ്ഞാൽ മതത്തെ, അത് വാഗ്ദാനം ചെയ്യുന്ന നൈതികവും ധാർമികവുമായ ചില മൂലതത്വങ്ങളിലേക്ക് ചേർത്തുവയ്ക്കുകയും ആ നൈതിക പ്രഭാവത്തെ ദൈവാനുഭവമായി സാക്ഷാത്കരിക്കുകയും ചെയ്യാനായിരുന്നു ഗുരു ശ്രമിച്ചത്. ഇന്ത്യയിലെ നവോത്ഥാന സംരംഭങ്ങളിൽ താരതമ്യേന കുറഞ്ഞ അളവിൽ മാത്രം അരങ്ങേറിയ ദൈവ-മതാനുഭവങ്ങളുടെ ഈ പുനർവിഭാവന പ്രക്രിയ ഏറ്റവുമധികം സാക്ഷാത്കരിക്കപ്പെട്ട സ്ഥാനമായിരുന്നു ശ്രീനാരായണ ഗുരു. മതം അവിടെ മതാതീതവും സാർവലൗകികവുമായ മൂല്യസഞ്ചയമായി. മതം അതിൽത്തന്നെ മതനിരപേക്ഷമായി.

ഇത്തരമൊരു പുനർവിഭാവനത്തിന്റെ കേന്ദ്രതത്വമായി ഗുരു കണ്ടെത്തിയത് അദ്വൈതാത്മകമായ ഏകതാദർശനത്തെയാണ്. വാസ്തവത്തിൽ ദേശീയ പ്രസ്ഥാനത്തിന്റെയും നവോത്ഥാനത്തിന്റെയും സന്ദർഭങ്ങളിൽ ഹിന്ദുമതം വേദാന്തഹിന്ദുമതമായി പല നിലകളിൽ

വിഭാവനം ചെയ്യപ്പെടുന്നുണ്ട്. ഇങ്ങനെ ഭാവന ചെയ്യപ്പെട്ട ഹിന്ദു മതം ചരിത്രത്തിൽ എപ്പോഴെങ്കിലും വാസ്തവരൂപത്തിൽ നിലനിന്ന ഒന്നല്ല. ചരിത്രത്തിൽ നിലനിന്നതും പത്തൊമ്പതാം ശതകത്തിന്റെ രണ്ടാം പകുതിയിൽ ആധുനിക രൂപമാർജിച്ചതും വൈദികമതം അഥവാ ബ്രാഹ്മണ മതം ആണ്. ബ്രാഹ്മണാധിപത്യപരവും വർണ ധർമാധിഷ്ഠിതവും പൗരോഹിത്യ പ്രധാനവും ജാതിബന്ധങ്ങളാൽ പടുത്തുയർത്തപ്പെട്ടതുമായിരുന്നു അതിന്റെ ഭൗതിക സ്വരൂപം. ഔപ നിഷദികമായ അദ്വൈതദർശനം താത്വികമായി സ്വീകരിച്ചപ്പോൾ പോലും (എല്ലായ്പ്പോഴും അങ്ങനെ സ്വീകരിക്കപ്പെട്ടിരുന്നില്ലതാനും) യജ്ഞ-യാഗ പാരമ്പര്യത്തിലും ജാതി-വർണ വ്യവസ്ഥയാലും നിയ ന്ത്രിതമായ ഒന്നായിരുന്നു അത്. ഈ വൈദിക മതത്തെ ശുദ്ധീക രിച്ച് സഹ്യവും ആധുനികവും ആക്കിത്തീർക്കുക എന്നതായിരുന്നു നവോത്ഥാനത്തിലെ സവർണധാര ഏറ്റെടുത്ത ദൗത്യവും. ശ്രീനാ രായണഗുരുവാകട്ടെ മേൽപ്പറഞ്ഞ അദ്വൈതഭാവനയെ തന്റെ മതാ നുഭവത്തിന്റെയും ദൈവാനുഭവത്തിന്റെയും കേന്ദ്രമാക്കി മാറ്റി. അദ്വൈതവാദിയാവുകയല്ല അദ്വൈതിയാവുകയാണ് ഗുരു ചെയ്ത തെന്ന് പറയാം. 'ഏകം' ഒരു തത്വവിചാരം എന്നതിനപ്പുറം ദൈവാ വബോധത്തിന്റെ ഹൃദയതത്വമായതോടെ, ജാതിയുടെയും മതത്തി ന്റെയും വിഭവജന യുക്തികൾ അസംഗതമായിത്തീർന്നു. അദ്വൈതം ഒരു താർക്കിക ജ്ഞാനമായല്ല ആഴമേറിയ അനുഭൂതിയായാണ് ഗുരു വിൽ പ്രവർത്തിച്ചത് എന്നർത്ഥം. ഈ ദൈവാനുഭൂതിയെ സാമൂ ഹികമായ പ്രയോഗരൂപങ്ങളായി ആവിഷ്കരിക്കാൻ തുനിയുന്ന തോടെ ആധുനിക കേരളത്തിന്റെ സ്രഷ്ടാവ് എന്ന് വിളിപ്പെടാൻ പോന്നത്രയും ബലിഷ്ഠമായ ഒരു ധാർമികശക്തിയായി ഗുരു മാറി ത്തീരുന്നത്. ആധ്യാത്മികബോധവും സാമൂഹ്യബോധവും തമ്മിലും വ്യക്തിപരതയും സാമൂഹികതയും തമ്മിലും നിലവിലുണ്ടെന്ന് സങ്കൽപിക്കപ്പെട്ട അകലത്തെ മറികടക്കാൻ കെൽപ്പുള്ളതായിരുന്നു ഗുരുവിന്റെ ദൈവ-ധർമ ദർശനം. 'ഒരു ജാതി ഒരു മതം ഒരു ദൈവം' എന്നത് ആത്യന്തലളിതമായി അദ്ദേഹം ആവിഷ്കരിക്കുന്നത് മേൽപ്പറഞ്ഞ ഏകഭാവനയെയാണ്.

അനന്യമായ നിലയിൽ ദൈവബോധവും സാമൂഹികബോധവും തമ്മിൽ കൈകോർത്തുനിൽക്കുന്ന ഒരു ധാർമിക സമീക്ഷയുടെ അവതരണ സ്ഥാനമായതിനാലാണ് ഇരുപതാം ശകതത്തിലെ കേര ളീയ ജീവിതത്തിലരങ്ങേറിയ ആധുനികീകരണത്തിന്റെ ഭാവകേന്ദ്ര

മായി മാറാൻ ഗുരുവിന് കഴിഞ്ഞത്. അദ്ദേഹം തന്റെ പ്രസിദ്ധമായ വിളംബരത്തിൽ വ്യക്തമാക്കിയതുപോലെ, ഇത് പരമ്പരാഗതമായ ജാതിയെയും മതത്തെയും ഒരുപോലെ കൈവിട്ടുകൊണ്ടാണ് അദ്ദേഹം സാക്ഷാത്കരിച്ചത്. ഗുരുവിനെ ഹിന്ദു സന്യാസിമാരിലൊരാളാക്കാനും നവോത്ഥാനത്തെയപ്പാടെ ഹൈന്ദവ മതനവീകരണമായി ചുരുക്കിയെഴുതാനുമുള്ള ശ്രമങ്ങൾ ഗുരുവിന്റെ മേൽപ്പറഞ്ഞ ദർശനപരമായ അനന്യതയെ മാനിക്കാത്തവയാണ്. തന്റെ മതദർശനത്തെക്കുറിച്ച് ഗുരു ആത്മോപദേശ ശതകത്തിൽ രേഖപ്പെടുത്തിയത് ഇപ്രകാരമാണ്:

"പല മതസാരവുമേകമെന്നു പാരാ-
തുലകിലൊരാനയിലന്ധരെന്നപോലെ
പലവിധ യുക്തി പറഞ്ഞു പാമരന്മാ-
രലവതു കണ്ടലയാതമർന്നിടേണം"
........
പൊരുതുജയിപ്പതസാധ്യമൊന്നിനോടൊ-
ന്നൊരു മതവും പൊരുതാലൊടുങ്ങുവീല
പരമതവാദിയിതോർത്തിടാതെ പാഴേ
പൊരുതുപൊലിഞ്ഞിടുമെന്ന ബുദ്ധിവേണം"

ഇങ്ങനെ മതപരമായ ഏകതയെയും മതവ്യത്യാസങ്ങളെച്ചൊല്ലിയുള്ള വാദഗതികളിലെ നിരർഥകതയെയും എടുത്തുപറയാൻ ഗുരു പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. മതഭേദങ്ങളിലൂന്നുന്ന, പരമത ഖണ്ഡനപരമായ താർക്കികരീതികളെ ഗുരു 'പാമരത്വം' എന്നു തന്നെ ഉറപ്പിച്ചു പറയുന്നുണ്ട്. പത്തൊമ്പതാം ശതകത്തിന്റെ അവസാന ദശകങ്ങളിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ പതിറ്റാണ്ടുകളിലും അരങ്ങേറിയ മതസംവാദങ്ങളുടെ സ്ഥാനസ്വഭാവം പരമതഖണ്ഡനമായിരുന്നു എന്ന് മനസ്സിലാക്കുമ്പോഴാണ് ഗുരു അതിനെ 'പാമരത്വം' എന്നു പറഞ്ഞ് തള്ളിക്കളയുന്നതിന്റെ പ്രാധാന്യം വ്യക്തമാവുക. സി.വി. കുഞ്ഞിരാമനുമായുള്ള സംഭാഷണത്തിൽ ഗുരു ഇക്കാര്യം കൂടുതൽ വ്യക്തമാക്കുന്നുണ്ട്. ഹിന്ദുമതമെന്നത് വ്യത്യസ്ത ആചാര പാരമ്പര്യങ്ങളെയും വിശ്വാസ സംഹിതകളെയും കൂട്ടിക്കെട്ടിയുണ്ടാക്കിയ ഒരു മതസങ്കൽപം മാത്രമാണെന്നും അങ്ങനെയാവാമെങ്കിൽ വിവിധ മതപാരമ്പര്യങ്ങളെ കൂട്ടിയിണക്കി ഒരു ഏകമതമായി സങ്കൽപ്പിക്കുന്നതിൽ എന്താണ് തകരാറെന്നും ഗുരു സി.വി.കുഞ്ഞിരാമനോട് ആരായുന്നുണ്ട്. ഗുരുവിനെ ഹിന്ദുമത നേതാവും സന്യാ

സിയുമായി സങ്കൽപ്പിക്കാനുള്ള എല്ലാ സാധ്യതകളെയും ഇല്ലാതാക്കിക്കൊണ്ട് അദ്ദേഹം ഇങ്ങനെ പറയുന്നു:

"ഹിന്ദുമതമെന്ന ഒരു മതമേ ഇല്ലല്ലോ... ഹിന്ദുസ്ഥാനവാസികളെ ഹിന്ദുക്കൾ എന്ന് വിദേശീയർ പറഞ്ഞുവന്നു... വൈദികമതം, പൗരാണികമതം, സാംഖ്യമതം, വൈശേഷികമതം, മീമാംസാമതം, ദ്വൈതമതം, അദ്വൈതമതം, ശൈവമതം, ശാക്തേയ മതം, വൈഷ്ണവ മതം എന്നിങ്ങനെ പ്രത്യക്ഷത്തിൽ വിഭിന്നങ്ങളായ അനേക മതങ്ങൾക്കെല്ലാത്തിനും കൂടി ഹിന്ദുമതം എന്ന ഒരു പൊതു പേരു പറയുന്നത് യുക്തിഹീനമല്ലെങ്കിൽ, മനുഷ്യ ജാതിക്കെല്ലാം മോക്ഷപ്രാപ്തിക്ക് ഉപയുക്തങ്ങളായി ദേശകാലാവസ്ഥകൾ അനുസരിച്ച് ഓരോ ആചാര്യന്മാർ ഈഷദിഷൽ ഭേദങ്ങളോടുകൂടി ഉപദേശിച്ചിട്ടുള്ള എല്ലാ മതങ്ങൾക്കും കൂടി ഏകമായ ലക്ഷ്യത്തോടുകൂടി 'ഏകമതം' എന്നു പറയുന്നതിൽ എന്തിനാണ് യുക്തിഹീനതയെ സംശയിക്കുന്നത്?"

താൻ ഉപദേശിക്കുന്ന മതവും തന്റെ മതവും ഈ ഏകമതം തന്നെയാണെന്ന് ഗുരു വ്യക്തമാക്കുന്നുണ്ട്.

"മതപ്പോരിന് അവസാനമുണ്ടാകണമെങ്കിൽ സമബുദ്ധിയോടുകൂടി എല്ലാ മതങ്ങളും എല്ലാവരും പഠിക്കണം. അപ്പോൾ പ്രധാന തത്വങ്ങളിൽ അവയ്ക്ക് തമ്മിൽ സാരമായ വ്യത്യാസമില്ലെന്നു വെളിപ്പെടുന്നതാണ്. അങ്ങനെ വെളിപ്പെട്ടുവരുന്ന മതമാണ് നാം ഉപദേശിക്കുന്ന 'ഏകമതം."

എല്ലാ മതസാരങ്ങളെയും സംഗ്രഹിക്കുന്നതായി ഗുരു കരുതുന്ന ഏകമതത്തിന്റെ പ്രതിനിധിയായിട്ടല്ലാതെ ചരിത്രപരമോ ദാർശനികമോ ആയി നിലവിലില്ലാത്തതെന്ന് ഗുരുതന്നെ വിശേഷിപ്പിച്ച ഹിന്ദുമതത്തിന്റെ വക്താവായി അദ്ദേഹത്തെ പ്രതിഷ്ഠിക്കാൻ ശ്രമിക്കുന്നത് ഗുരുനിന്ദയുടെ പരമാവധിയാണ്. ഗാന്ധിജിയുടെ കൊലയാളികൾ അങ്ങനെ ചെയ്യുന്നത് അവരുടെ ഹീനമായ വർഗീയ താൽപര്യം കൊണ്ടുമാത്രമാണ്. ഗുരുവിന്റെ അനുയായികളെന്ന് അഭിമാനം കൊണ്ട് നടക്കുമ്പോൾ അതുതന്നെ ചെയ്യാൻ ശ്രമിക്കുമ്പോൾ അവർ ഈ കൊലയാളിക്കൂട്ടത്തിന്റെ പിണിയാളുകളാവുകയാണ്. അവർക്ക് അത് ആശ്വാസമായി തോന്നാമെങ്കിലും ദുരുദർശനത്തെ സംബന്ധിച്ചിടത്തോളം അത് അങ്ങേയറ്റം അസ്വീകാര്യമാണ്.

ഗുരുവിന്റെ ദൈവദശകം എന്ന പ്രാർത്ഥന അദ്ദേഹം വിഭാവനം

ചെയ്ത ഏകമത ദർശനത്തിന്റെ സമുന്നതമായ ആവിഷ്കാരമാണ്. സവിശേഷമായ ഒരു മത-ദൈവ് ദർശനം സ്വയമേവ വച്ചുപുലർത്തുമ്പോൾ തന്നെ മറ്റു പല മതദർശനങ്ങളെയും അവതരിപ്പിക്കുന്ന ദൈവസങ്കൽപത്തെയും ഉൾക്കൊള്ളുന്ന പ്രാർത്ഥനയാണത്. ആദ്യമായി മലയാളത്തിലെഴുതപ്പെട്ട മതനിരപേക്ഷമായ പ്രാർത്ഥനാഗീതം. "ദൈവമേ കാത്തുകൊൾകങ്ങു/കൈവിടാതിങ്ങു ഞങ്ങളെ" എന്ന് സാമാന്യജനതയുടെ ദൈവസങ്കൽപത്തിൽ നിന്ന് അത് ആരംഭിക്കുന്നു. സ്വയം അദ്വൈതിയായിരിക്കെത്തന്നെ, തങ്ങളെ രക്ഷിക്കുന്ന ദൈവം എന്ന ശരാശരി മനുഷ്യധാരണയെ ആദരിക്കാൻ ഗുരു മടിക്കുന്നതേയില്ല.

അതുപോലെ അപ്പവും വസ്ത്രവും നൽകുന്ന ദൈവത്തെക്കുറിച്ചുള്ള ക്രൈസ്തവമായ ആശയങ്ങളും (അന്ന വസ്ത്രാദിമുട്ടാതെ / തന്നു രക്ഷിയ്ക്ക ഞങ്ങളെ/ ധന്യരാക്കുന്ന നീ/ യൊന്നുതന്നെ ഞങ്ങൾക്കു തമ്പുരാൻ), ദയാസിന്ധോ, ദീനാവനപരായണ എന്നെല്ലാം ബൗദ്ധ പാരമ്പര്യത്തെ ഉൾക്കൊള്ളുന്ന അഭിസംബോധനകളും ഈ പ്രാർത്ഥനാഗീതത്തിൽ കാണാം. ഏതെങ്കിലും ഒരു മതത്തിന്റെ ദൈവസങ്കൽപത്തെ സവിശേഷമായി ഉയർത്തിപ്പിടിക്കാതെ ദൈവാനുഭൂതിയെ മതാതീതമായ ഒരനുഭവസ്ഥാനമായി ആവിഷ്കരിക്കുകയാണ് ഗുരു ചെയ്യുന്നത്. ക്രിസ്തുവിനെ പരമേശപവിത്ര പുത്രൻ എന്നും നബിയെ കരുണാവാൻ മുത്തുനബി എന്നും വിശേഷിപ്പിക്കാനും ഇതര ദൈവസങ്കൽപങ്ങളോടൊപ്പം സ്വാഭാവികമായി അവയെക്കൂടി ഉൾപ്പെടുത്താനും ഗുരു ഒരിക്കലും മടിക്കുന്നില്ല. തന്റെ ഏകമത ദർശനത്തിന്റെ ആവിഷ്കാരമായായണ് ഗുരു ഇതിനെ പരിഗണിച്ചിരുന്നത്..

ആലുവ അദ്വൈതാശ്രമത്തിൽ ചേർന്ന സർവമത സമ്മേളനത്തിൽ ഗുരുവിന്റെ മതദർശനത്തിന്റെ സാരമെന്തെന്ന് ശിഷ്യന്മാരിൽ പ്രധാനിയായ സത്യവ്രത സ്വാമികൾ തന്റെ സ്വാഗതപ്രസംഗത്തിൽ വിശദീകരിക്കുന്നുണ്ട്. ഗുരു അധ്യക്ഷനായിരുന്ന സമ്മേളനത്തിൽ വെച്ചാണ് അദ്ദേഹത്തിന്റെ പ്രധാന ശിഷ്യനായ സത്യവ്രതസ്വാമികൾ ഇത് പറയുന്നത് എന്നതുകൊണ്ടുതന്നെ അതിന് ശ്രീനാരായണ ഗുരുവിന്റെ സമ്മതം ഉണ്ടെന്ന കാര്യം വ്യക്തമാണ്. "പാശ്ചാത്യരായ ക്രൈസ്തവ ഭിഷഗ്വരന്മാരുടെ ചികിത്സാ സമ്പ്രദായമാണ് അലോപ്പതി എന്നുള്ള വിചാരത്താൽ അതു പഠിക്കുന്നതിന് ഒരു ഹിന്ദു ഭിഷഗ്വരൻ മടിക്കുന്നില്ല. അതുപോലെ ആര്യവൈദ്യം ഹിന്ദു

ക്കളുടെ വൈദ്യമാണെന്നു പറഞ്ഞ് വയസ്കര മൂസ്സിന്റെ ചികിത്സയെ ക്രിസ്ത്യാനികളാരും ഉപേക്ഷിക്കുന്നില്ല. അഷ്ടാംഗഹൃദയം ഒരു ബൗദ്ധ ഗ്രന്ഥമായതുകൊണ്ട് ഏകാദശിക്ക് വായിച്ചുകൂടായെന്ന് മലയാള ബ്രാഹ്മണർ ഒരു കടുത്ത ഭ്രഷ്ട് അതിനു കൽപിച്ചിട്ടുണ്ടെങ്കിലും വായുമുട്ടൽ വരുന്നത് ഏകാദശി നാളിൽ ആണെങ്കിൽ അന്ന് ധന്വന്തരം ഗുളിക സേവിക്കാതെ ഇരിക്കുന്നില്ല. കായികരോഗങ്ങൾക്ക് ചികിത്സാക്രമം ഏതു മതക്കാരനായ വൈദ്യന്റേത് എന്ന് അന്വേഷിക്കാതെ രോഗശമനത്തിന് ഫലസിദ്ധിയുള്ള ഏത് ഔഷധവും സേവിക്കുന്നതിന് മനുഷ്യൻ മടിക്കേണ്ടതില്ലെങ്കിൽ മാനസിക രോഗത്തിന്റെ കാര്യത്തിൽ ആ പ്രമാണം എന്തുകൊണ്ട് സ്വീകരിച്ചുകൂടാ?" മനുഷ്യമനസ്സിന്റെ അസ്വാസ്ഥ്യങ്ങളെ ചികിത്സിക്കുന്നതിനുള്ള ഉപായങ്ങൾ അറിഞ്ഞവരാണ് എല്ലാ മതങ്ങളിലെയും വൈദികർ എന്നു പറഞ്ഞുകൊണ്ടാണ് അദ്ദേഹം ഈ ചോദ്യം ഉന്നയിക്കുന്നത്. വാസ്തവത്തിൽ ഗുരുവിന്റെ ഏകമതം എന്ന ആശയത്തിന്റെ പ്രായോഗികമായ ഒരു വിശദീകരണമാണ് സത്യവ്രത സ്വാമികൾ നൽകിയത്.

ഗുരുവിനെ ഹിന്ദുമതസന്യാസിയായി അവതരിപ്പിക്കാൻ ശ്രമിക്കുന്ന സംഘപരിവാർ ശക്തികൾ അദ്ദേഹത്തിന്റെ പ്രതിഷ്ഠകളെ അതിന്റെ തെളിവായി അവതരിപ്പിക്കുന്നുണ്ട്. ഗുരു പ്രതിഷ്ഠിച്ചത് ഹിന്ദു ദൈവങ്ങളെയാണെന്നും അതിനാൽ അദ്ദേഹം ഹിന്ദുസന്യാസിയാണെന്നതിന് വേറെ തെളിവുകൾ വേണ്ടെന്നുമാണ് അവരുടെ വാദം. ഗുരു നടത്തിയ പ്രതിഷ്ഠകളുടെ ഉള്ളടക്കം പരിശോധിച്ചാൽ ഈ വാദം എത്രയോ അർഥശൂന്യമാണെന്ന് വ്യക്തമാവും. അരുവിപ്പുറത്തെ ശിവപ്രതിഷ്ഠ മുതൽ അദ്ദേഹം നടത്തിയ വിഗ്രഹപ്രതിഷ്ഠകൾ പ്രാഥമികമായി പൗരോഹിത്യാധികാരത്തിൽ നിന്നും ജാതിമേധാവിത്വത്തിൽ നിന്നും ദൈവത്തെ മോചിപ്പിക്കാനുള്ള ശ്രമങ്ങൾ കൂടിയായിരുന്നു. ദൈവാധികാരം കുത്തകയാക്കിയ ബ്രാഹ്മണ പൗരോഹിത്യത്തിനെതിരെയാണ് വിഗ്രഹപ്രതിഷ്ഠകളിലൂടെ അദ്ദേഹം കലഹിച്ചത്. ഒരു ഘട്ടം കഴിഞ്ഞപ്പോൾ ഗുരു ദൈവ വിഗ്രഹങ്ങൾക്കു പകരം കെടാവിളക്കും കണ്ണാടിയും, സത്യം ധർമം ദയ ശാന്തി എന്നീ വാക്കുകളും പ്രതിഷ്ഠിച്ച് (കാരമുക്ക്, മുരിക്കുംപുഴ, ഉൽപശാല, കളവംകോട് ക്ഷേത്രങ്ങളിൽ) തന്റെ ദൈവദർശനത്തിന്റെ പൊരുളെന്തെന്ന് വ്യക്തമാക്കുകയുണ്ടായി. വിഗ്രഹപ്രതിഷ്ഠ തന്റെ മതവിശ്വാസത്തിന്റെ പ്രകാശനമല്ലെന്നും ഹിന്ദുമത

വിശ്വാസികൾ ആവശ്യപ്പെട്ടതനുസരിച്ചാണ് താൻ അത് നിർവഹിച്ചതെന്നും ഗുരു പിന്നീട് വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. "ഇരുട്ടടച്ച് വവ്വാലിന്റെ നാറ്റമുള്ള ക്ഷേത്രങ്ങൾ കൊണ്ട് എന്തെങ്കിലും പ്രയോജനമുണ്ടോ?"എന്ന് നേരിട്ടു ചോദിച്ച നാരായണഗുരു 1917–ൽ പുറപ്പെടുവിച്ച വിളംബരത്തിൽ ഇനി ക്ഷേത്രനിർമാണത്തെ പ്രോത്സാഹിപ്പിക്കരുത് എന്നും ക്ഷേത്രങ്ങൾ ജാതിവ്യത്യാസം വർധിപ്പിക്കുകയാണെന്നും തുറന്നുപറയുകയും ചെയ്തു.

"ഇനി ക്ഷേത്രനിർമാണത്തെ പ്രോത്സാഹിപ്പിക്കരുത്. ക്ഷേത്രത്തിൽ ജനങ്ങൾക്ക് വിശ്വാസം കുറഞ്ഞുവരുകയാണ്. അമ്പലം കെട്ടുവാൻ പണം ചെലവിട്ടതു ദുർവ്യയമായി എന്ന് അവർ പശ്ചാത്തപിക്കാൻ ഇടയുണ്ട്... പ്രധാന ദേവാലയം വിദ്യാലയമായിരിക്കണം. പണം പിരിച്ചു പള്ളിക്കൂടങ്ങൾ കെട്ടുവാനാണ് ഉത്സാഹിക്കേണ്ടത്. ജാതിഭേദം കൂടാതെ ഒരു പൊതു ആരാധനാസ്ഥലത്തെങ്കിലും ജനങ്ങളെ ഒരുമിച്ചു ചേർക്കാൻ കഴിയുമെന്ന് തോന്നിയിരുന്നു. അനുഭവം നേരെ മറിച്ചാണ്. ക്ഷേത്രം ജാതിവ്യത്യാസത്തെ അധികമാക്കുന്നു. ഇനി ജനങ്ങൾക്കു വിദ്യാഭ്യാസം കൊടുക്കാൻ ശ്രമിക്കണം. അവർക്ക് അറിവുണ്ടാകട്ടെ. അതുതന്നെയാണ് അവരെ നന്നാക്കാനുള്ള മരുന്ന്."

വിഗ്രഹ പ്രതിഷ്ഠകളെ മുൻനിർത്തി ശ്രീനാരായണ ഗുരുവിനെ ഹിന്ദുമത സന്ന്യാസിയും സംഘപരിവാർ നേതാവുമാക്കാനുള്ള ശ്രമങ്ങൾ എത്ര വലിയ ഗുരുനിന്ദയാണെന്ന് ഈ വാക്കുകൾ വ്യക്തമാക്കും. പി.കെ.ബാലകൃഷ്ണൻ തന്റെ പ്രശസ്തമായ ഗ്രന്ഥത്തിൽ ചൂണ്ടിക്കാട്ടുന്നതുപോലെ, ദേവാലയങ്ങളിൽ നിന്ന് വിദ്യാലയങ്ങളിലേക്കാണ് ഗുരുവിന്റെ ദൈവദർശനം പരിണമിച്ചെത്തിയത്. അല്ലാതെ ആചാരബദ്ധവും പൗരോഹിത്യപരവും ജാതിമേധാവിത്തപരവുമായ ഹിന്ദുമത ദൈവങ്ങളിലേക്കല്ല ഗുരു അരുവിപ്പുറത്തുനിന്നും യാത്ര തുടങ്ങിയത്.

ഗുരുവിന്റെ മതദർശനത്തിന്റെയും ദൈവദർശനത്തിന്റെയും അനന്യതയും സമകാലികതയും കുടികൊള്ളുന്നത് അപരം എന്ന ആശയത്തെ അദ്ദേഹം ആത്മദർശനവുമായി കൂട്ടിയിണക്കിയ സവിശേഷമായ രീതിയിലാണെന്ന് പറയാം. ഗുരുവിനെ ഒരു മഹാദാർശനികനാക്കുന്ന ഘടകങ്ങളിലൊന്നും ഇതു തന്നെയാണ്. ആത്മസുഖത്തെ അപരാനുഭൂതിയുമായി കൂട്ടിയിണക്കുന്ന അനന്യസാധാരണമായ ദാർശനികതയുടെ ലോകം ആത്മോപദേശക ശതകത്തിൽ

കാണാം.

"പ്രിയമൊരു ജാതി; യിതെൻ പ്രിയം, ത്വദീയ
പ്രിയ, മപരപ്രിയമെന്നനേകമായി
പ്രിയവിഷയം പ്രതി വന്നിടുംഭ്രമം; തൻ-
പ്രിയമപരപ്രിയമെന്നറിഞ്ഞിടേണം"

മാനുഷിക താൽപര്യങ്ങളുടെ പരമമായ ഏകതയെക്കുറിച്ചുള്ള പ്രഖ്യാപനമെന്നതിലുപരി 'തൻ പ്രിയമപരപ്രിയമെന്നറിഞ്ഞിടേണം' എന്ന പ്രഖ്യാപനത്തിലാണ് ഈ ശ്ലോകം മഹനീയമായിത്തീരുന്നത്. അപരത്വത്തെ ആത്മപ്രിയത്വവുമായി ചേർത്തുവയ്ക്കുന്ന ഈ ആശയം ഗുരു പിന്നാലെ കൂടുതൽ വികസിപ്പിക്കുന്നുണ്ട്.

"പ്രിയമപരന്റെയതെൻപ്രിയം; സ്വകീയ-
പ്രിയമപരപ്രിയ; മിപ്രകാരമാകും
നയ,മതിനാലെ നരന്നുനന്മ നൽകും
ക്രിയയപരപ്രിയഹേതുവായ് വരേണം"

അപരപ്രിയഹേതുവായ ക്രിയ മാത്രമെ നന്മ നിറഞ്ഞതാകു എന്ന ആശയം ആധ്യാത്മികതയെ അതിൽത്തന്നെ സാമൂഹികവും നൈതികവുമായ ഒന്നാക്കിത്തീർക്കുന്നുണ്ട്. സാമൂഹികം/ വ്യക്തിപരം, ആധ്യാത്മികം/ ഭൗതികം തുടങ്ങിയ ദ്വന്ദ്വകൽപ്പനകളുടെ നിരാകരണമാണത്. ആധുനികമായ ദ്വന്ദ്വ ഭാവനയുടെ നിരാസം കൂടി ഗുരുവിന്റെ ഈ ആശയ പ്രപഞ്ചത്തിലുണ്ട്. 'ആത്മസുഖം അപരന്റെ ഗുണത്തിനായ് വരണ'മെന്ന പ്രഖ്യാതമായ ആശയത്തിലേക്ക് ഗുരു വികസിപ്പിക്കുന്ന ഈ ആത്മദർശനം തന്നെയാണ് അനുകമ്പാദശകത്തിൽ സാർവത്രികമായ സഹാനുഭൂതിയുടെയും കരുണയുടെയും അനുഭവതലമായി ആവിഷ്ക്കരിക്കപ്പെടുന്നതും. അപരത്തിനായുള്ള കരുതലാണ് ഗുരുവിന്റെ ദൈവാനുഭവത്തിന്റെ കാതലായി പരിണമിക്കുന്നതും.

"അപരനു വേണ്ടിയഹർന്നിശ പ്രയത്നം
കൃപണത വിട്ടു കൃപാലു ചെയ്തിടുന്നു;
കൃപണനധോമുഖനായ്ക്കിടന്നു ചെയ്യു-
ന്നപജയകർമ്മവന്നു വേണ്ടി മാത്രം
.....................................
ഒരുവനു നല്ലതുമന്യനല്ലലും ചേർ-
പ്പൊരുതൊഴിലാത്മവിരോധിയോർത്തിടേണം
പരനുപരം പരിതാപമേകിടുന്നോ-

രെരിനരകാബ്ധിയിൽ വീണെരിഞ്ഞിടുന്നു"

അപരത്തിലേക്ക് ഉന്മുഖമാവാത്ത പ്രവൃത്തിയെ ആത്മവിരോധിയെന്ന് കരുതുകയും തന്നെ മാത്രം പരിഗണിച്ചുകൊണ്ട് ചെയ്യുന്ന കർമങ്ങളെ അപജയകർമങ്ങളായി തള്ളിക്കളയുകയുമാണ് ഗുരു ചെയ്യുന്നത്. ഇത് ഗുരുവിന്റെ ദൈവസങ്കൽപത്തെ പരമ്പരാഗതമായ ആചാരമതത്തിൽ നിന്നും വ്യക്തിഗതവും സ്വകാര്യവുമായ മതാനുഭവത്തിൽനിന്നും പുറത്തുകൊണ്ടുവരുന്നുണ്ട്. ഗുരുവിന്റെ മതദർശനം നിലവിലുള്ള മതപാരമ്പര്യങ്ങളിൽ ഏതിനെയെങ്കിലും പിൻപറ്റാതിരിക്കുന്നതും അതുകൊണ്ടാണ്. 'ഏകമതം' എന്നും ⊠ല മതസാരവുമേകം⊠എന്നും ഗുരു പറയുമ്പോൾ അർഥമാക്കുന്നതും മറ്റൊന്നല്ല. അപരത്തിനു വേണ്ടിയുള്ള കരുതലായിത്തീരുന്നതോടെ ഗുരുവിന്റെ മതദർശനത്തിന്റെ ഹൃദയതത്വമായി അനുകമ്പ മാറിത്തീരുകയും ചെയ്യുന്നു.

ഇത്രമേൽ വിപുലവും ജനാധിപത്യപരവും സർവമതാശ്ലേഷിയും നൈതികവും അനുകമ്പാ നിർഭരവുമായ ഒരു മതദർശനത്തെയാണ് ഹിന്ദുത്വത്തിന്റെ അന്യമതവിദ്വേഷപൂർണവും രക്താഭിഷിക്തവുമായ പാരമ്പര്യത്തിൽ കൊണ്ടുചെന്നു തളയ്ക്കാൻ ഇപ്പോൾ ശ്രമം നടക്കുന്നത്. ഗുരുവിനോടും ഗുരുദർശനത്തോടുമുള്ള പരമമായ നിന്ദയാണ് അത്. 'ജാതിനിർണയം' എന്ന പ്രസിദ്ധ രചനയുടെ ആദ്യശ്ലോകം 'ഹാ! തത്വം വേത്തി കോ പിന:' (ആരും ഈ തത്വം അറിയുന്നില്ലല്ലോ) എന്നു ഗുരു ഖേദിക്കുന്നത് തന്റെ പേരിൽ പിൽക്കാലത്ത് ഉയർന്നുവരാനിരിക്കുന്ന വിഷലിപ്തമായ പുതിയ അവതാരങ്ങളെ ഓർത്തിട്ടാണെന്നുകൂടിവരുമോ?.

# സംഘപരിവാർ സ്വപ്നങ്ങൾ (പരാജയപ്പെട്ട പരീക്ഷണങ്ങൾ)

**മനോജ് പി.എം**

'ഹിന്ദു സമാജത്തിൻെറ ദേശീയ കൃത്യനിർവഹണത്തിന്' കേരളവും കമ്യൂണിസ്റ്റുകാരും തടസ്സമാണെന്ന് ആർഎസ്എസ് കരുതുന്നു. നരേന്ദ്രമോഡി പ്രധാനമന്ത്രിയായശേഷം ഇന്ത്യയിലെ ശാഖകളുടെ എണ്ണത്തിൽ വലിയതോതിൽ വർധനവുണ്ടായി എന്ന് ആർഎസ്എസ് നേതൃത്വത്തെ ഉദ്ധരിച്ച് റിപ്പോർട്ട് വന്നിരുന്നു. ആ കണക്കനുസരിച്ച് രാജ്യത്ത് ഏറ്റവും കൂടുതൽ സംഘശാഖകളുള്ളത് കേരളത്തിലാണ്. ദിവസവും പ്രവർത്തിക്കുന്ന 4500 ശാഖകൾ ഉണ്ടെന്നും സംസ്ഥാനത്ത് പതിനായിരത്തിലധികം സ്ഥലങ്ങളിൽ സംഘപ്രവർത്തനം ഉണ്ടെന്നുമാണ് ആർഎസ്എസ് അവകാശപ്പെടുന്നത്. രാജ്യത്താകെ 51335 ശാഖകളാണ്.

മോഡിയുടെ നേതൃത്വത്തിൽ കേന്ദ്രത്തിൽ അധികാരത്തിലെത്തിയ സംഘപരിവാർ കേരളം പിടിച്ചടക്കും എന്ന പ്രഖ്യാപനവുമായി . സമീപകാലത്ത് നടത്തുന്ന ഇടപെടലുകൾ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ അടിവേര് ഇളക്കുന്നതാണ് എന്ന പ്രചാരണം വലിയതോതിൽ ഉണ്ടാകുന്നു. പുതിയ ഒന്ന്, അപൂർവമുന്നേറ്റം എന്നുള്ള ആ പ്രചാരണങ്ങൾ മതനിരപേക്ഷ ശക്തികളെ നൈരാശ്യത്തിലേക്ക് തള്ളിയിടുമെന്ന് കരുതി ആസൂത്രിതമായി സംഘടിക്കപ്പെടുകയാണ്. എന്നാൽ, ഹിന്ദുത്വശക്തികൾ കേരളത്തിലേക്ക് കണ്ണെറിയുന്നതും 'നായാടി മുതൽ നമ്പൂതിരി വരെ' എന്ന് വിവക്ഷിക്കപ്പെടുന്ന ഹിന്ദു ഐക്യമുണ്ടാക്കാൻ ശ്രമിക്കുന്നതും ആദ്യാനുഭവമല്ല. 1921ലെ മലബാർ കലാപത്തിനുശേഷം ഹിന്ദു ഏകീകരണത്തിനുവേണ്ടി അതിശക്തമായ പ്രവർത്തനം നടന്നിരുന്നു. അന്ന് ആ നീക്കങ്ങൾക്ക് മുന്നിൽനിന്ന് പ്രവർത്തിച്ചവരിൽ വലതുപക്ഷ കോൺ

ഗ്രസ് നേതാക്കളും ഉണ്ടായിരുന്നു. ഹിന്ദു മഹാസഭ 1929ൽ മെയ് രണ്ട്, മൂന്ന് തീയതികളിൽ തിരുനാവായിൽ സംഘടിപ്പിച്ച ഹിന്ദു മഹാസമ്മേളനത്തിൽ വലതുപക്ഷ കോൺഗ്രസ് നേതാക്കളുടെ സജീവപങ്കാളിത്തമുണ്ടായി. ഇറ്റലിയിൽ ചെന്ന് ഫാസിസ്റ്റ് രീതികൾ പഠിച്ച്, ഫാസിസം ആവേശകരമെന്ന് പ്രഖ്യാപിച്ച് ഡോ. ഹെഡ്ഗേവാറിനൊപ്പം ആർഎസ്എസിന് ജന്മം കൊടുത്ത ബി എസ് മൂൺജെയും പണ്ഡിറ്റ് മദൻമോഹൻ മാളവ്യയും പങ്കെടുത്ത ആ സമ്മേളനത്തിൽ ഹിന്ദു മഹാസഭ ഒരു വർഗീയസംഘടനയാണ് എന്ന് മൂൺജെ പ്രഖ്യാപിച്ചത് കോൺഗ്രസ് നേതാക്കളായ കെ മാധവൻനായരും യു ഗോപാലമേനോനും നിസ്സംഗമായി കേട്ടിരിക്കുകയായിരുന്നു.

ദേശീയപ്രസ്ഥാനത്തിന്റെ കാലത്തുതന്നെ കോൺഗ്രസിലെ ഒരുവിഭാഗം വർഗീയരാഷ്ട്രീയത്തെ പ്രത്യക്ഷമായും പരോക്ഷമായും അംഗീകരിച്ചിരുന്നു. നാഗ്പൂരിൽ ആർഎസ്എസ് രൂപംകൊണ്ട് 17 വർഷത്തിനുശേഷമാണ് അതിന്റെ ശാഖാപ്രവർത്തനം കേരളത്തിലെത്തുന്നത്. 1942ൽ കേരളത്തിൽ ആദ്യമായി രണ്ട് ആർഎസ്എസ് പ്രചാരക്മാർ എത്തി. രണ്ടാം സർസംഘചാലക് മാധവ സദാശിവ ഗോൾവാൾക്കർ നിയോഗിച്ച ദത്തേപാന്ത് ടേംഗിഡി, മധുകർ ഓക് എന്നിവർ. തിരുവിതാംകൂറിൽ അന്ന് മധുകർ ഓകിന്റെ ഇടപെടലുകൾക്ക് ഫലമുണ്ടായില്ല. ടേഗിഡിയുടെ നേതൃത്വത്തിൽ കോഴിക്കോട്ട് 12 പേർ അടങ്ങിയ ശാഖ ആരംഭിച്ചു. ആ വർഷം നാഗ്പൂരിൽ നടന്ന ഓഫീസേഴ്സ് ട്രെയിനിങ് ക്യാമ്പിൽ മൂന്ന് മലയാളികളെ എത്തിക്കാൻ ഇരു പ്രചാരകന്മാർക്കും കഴിഞ്ഞു. കേരളത്തിൽ ആർഎസ്എസിന്റെ ആദ്യ നാളുകൾ അങ്ങനെയാണ്.

കേരളത്തിൽ വ്യത്യസ്ത മേഖലക ളിൽ വ്യത്യസ്ത തന്ത്രങ്ങളും രീതികളുമാണ് ആർഎസ്എസ് ആസൂത്രണം ചെയ്തിരുന്നത്. മലബാറിൽ കമ്യൂണിസ്റ്റ് വിരോധമാണ് സംഘപരിവാറിന്റെ കൊടിയടയാളമായത്. ഹിന്ദു-മുസ്ലിം ജനവിഭാഗങ്ങൾ ഒരുപോലെ സ്വാധീനമുറപ്പിക്കുന്ന കമ്യൂണിസ്റ്റ് പാർടിയെ പിടിച്ചുകെട്ടിയാലേ വളരാനാകൂ എന്നാണ് ആർഎസ്എസ് തീരുമാനിച്ചത്. സാമുദായിക സംഘടനകളാണ് എല്ലാ കാലത്തും ആർഎസ്എസിന് പ്രലോഭനമായി നിന്നതെങ്കിലും തിരുവിതാംകൂർ മേഖലയിൽ എസ്എൻഡിപി, എൻഎസ്എസ് സംഘടനകൾ ആർഎസ്എസിന്റെ മോഹങ്ങൾക്ക് തടസ്സമായി. മാഷിജി, കമൽജി ഗുപ്ത എന്നീ പ്രചാരകർ 1950ൽ

എത്തിയത് തിരുവിതാംകൂറിൽ പ്രബലമായ നായർ, ഈഴവ സമുദായങ്ങളിലേക്ക് നുഴഞ്ഞുകയറുക എന്ന ദൗത്യവുമായാണ്. എന്നാൽ അവർക്കതിന് കഴിഞ്ഞില്ല. ഈ സംഘടനകളുടെ നേതൃത്വത്തെ വശപ്പെടുത്തി സ്വാധീനമുറപ്പിക്കാം എന്നുതന്നെയാണ്, ഇന്നത്തെപ്പോലെ അന്നും ആർഎസ്എസ് കരുതിയത്. ഒരുഘട്ടത്തിൽ എസ്എൻഡിപിയുടെ അന്നത്തെ നേതൃത്വം അതിന് വഴങ്ങി. ആർ ശങ്കർ ആർഎസ്എസ് പ്രവർത്തനങ്ങൾക്ക് പരസ്യമായി പിന്തുണ നൽകി. 1950ൽ രൂപീകരിക്കപ്പെട്ട ഹിന്ദു മഹാമണ്ഡലത്തിന് എസ്എൻഡിപിയും എൻഎസ്എസുമാണ് നേതൃത്വം നൽകിയത്. ആ സംഘടന ആർഎസ്എസിന്റെ ബുദ്ധികേന്ദ്രങ്ങളുടെ സൃഷ്ടിയായിരുന്നു. ഗോഹത്യ അന്നും വർഗീയ പ്രചാരണത്തിന് ആയുധമായി. ഗോഹത്യ നിരോധനം ആവശ്യപ്പെട്ട് 1952ൽ ആർഎസ്എസ് രാജ്യവ്യാപക ഒപ്പുശേഖരണം നടത്തിയിരുന്നു. അന്ന് ആ ക്യാമ്പയിന് പരിപൂർണ സഹകരണം നൽകണമെന്നാവശ്യപ്പെട്ട് എസ്എൻഡിപി അധ്യക്ഷൻ ആർ ശങ്കർ ശാഖകൾക്ക് സർക്കുലർ അയച്ചു.

ഹിന്ദു മഹാമണ്ഡലം എന്ന പരീക്ഷണത്തിന് മാസങ്ങളുടെ ആയുസ്സ് മാത്രമേ ഉണ്ടായിരുന്നുള്ളു. കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ജനങ്ങളിൽ നിന്ന് ലഭിച്ച പിന്തുണയും 1957ലെ തെരഞ്ഞെടുപ്പു വിജയവും കേരളത്തിലാകെ തങ്ങളുടെ ആദ്യലക്ഷ്യം കമ്യൂണിസ്റ്റുകാരാണെന്ന തീരുമാനത്തിലേക്കാണ് ആർഎസ്എ സിനെ എത്തിച്ചത്. മന്ത്രിസഭയെ അട്ടിമറിക്കാനുള്ള വിമോചന സമരത്തിൽ ആർഎസ് എസ് സജീവപങ്കാളിയായി. ഇ എം എസ് മന്ത്രിസഭയെ ജനാധിപത്യവിരുദ്ധമായി പിരിച്ചുവിട്ടപ്പോൾ 1959 ആഗസ്ത് ഒന്ന് ആർഎസ് എസും ജനസംഘവും വിജയദിനമായി ആഘോഷിച്ചു.

വർഗീയ സംഘാടനം അസാധ്യമാക്കുംവിധമാണ് കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തിച്ചത്. മലബാർ മേഖലയിൽ ബീഡിതൊഴിലാളികൾ തൊഴിൽ പ്രശ്നം നേരിട്ടപ്പോൾ വഞ്ചകരായ കമ്പനിയുടമകൾക്കുവേണ്ടി ആർഎസ്എസ് നിലക്കൊണ്ടു. തൊഴിലാളികളെ പുനരധിവസിപ്പിക്കാനും തൊഴിൽ സംരക്ഷിക്കാനും ദിനേശ് ബീഡി സഹകരണ സംഘം രൂപീകരിക്കുന്നതിന് കമ്മ്യൂണിസ്റ്റ് പാർട്ടി നേതൃത്വം നൽകി. തങ്ങൾ 'ഹിന്ദു' വികാരമുണർത്തി കീഴടക്കാൻ തീരുമാനിച്ച ജനവിഭാഗങ്ങൾ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ഉറച്ചു നിൽക്കുന്നത് കണ്ടിരിക്കാനേ ആർഎസ്എസിന് കഴിഞ്ഞുള്ളൂ.

1971ലെ തലശ്ശേരി കലാപം ആർഎസ്എസിന്റെ കമ്യൂണിസ്റ്റ് വി

രോധം ആളിക്കത്തിക്കുന്നതായിരുന്നു. തലശ്ശേരി കലാപത്തെക്കുറിച്ച് അന്വേഷിച്ച ജസ്റ്റിസ് വിതയത്തിൽ കമ്മിഷൻ മൂന്ന് സുപ്രധാന നിഗമനങ്ങളിലെത്തുന്നുണ്ട്. 1. *സംസ്ഥാനത്തെ രാഷ്ട്രീയാന്തരീക്ഷം ഉപയോഗിച്ച് തലശ്ശേരിയിൽ മുസ്ലിംലീഗ് നടത്തിയ അധികാരദുർവിനിയോഗം ഹിന്ദുക്കളിൽ ശത്രുതാപരമായ നിലപാട് സൃഷ്ടിച്ചിട്ടുണ്ട്. ലീഗ് കൈയാളിയിരുന്ന ആഭ്യന്തരവകുപ്പിൽനിന്ന് നീതികിട്ടില്ലെന്ന ബോധം ശക്തമായി നിലനിന്നിരുന്നു. 2. കലാപം പൊട്ടിപ്പുറപ്പെട്ട സംഭവങ്ങളിലേക്ക് കടന്നാൽ അത് ആസൂത്രിതമാണെന്ന് കാണാം. തലശ്ശേരി മേലൂട്ട് മഠപ്പുരയിലേക്കുള്ള കലശഘോഷയാത്ര മുസ്ലിങ്ങൾക്കെതിരായ ആക്രമണത്തിന് ആസൂത്രണം ചെയ്തതായിരുന്നു. സാധാരണയായി മേലൂട്ട് മഠപ്പുരയിലേക്കുള്ള കലശഘോഷയാത്ര ടൗൺഹാൾ റോഡ് വഴിയാണ് സഞ്ചരിക്കാറുള്ളത്. എരഞ്ഞോളി പാലത്തിനടുത്തുനിന്ന് ഒന്നരമൈൽ സഞ്ചരിച്ച് മഠപ്പുരയിൽ എത്തേണ്ട ഘോഷയാത്ര വഴിമാറി ഒ വി റോഡിലൂടെയാണ് പോയത്. ആ ദൂരം രണ്ടേമുക്കാൽ മൈൽ വരും. സാധാരണ നിലയിൽനിന്ന് വ്യത്യസ്തമായി ഘോഷയാത്രയിൽ സ്ത്രീകളോ കുട്ടികളോ ഉണ്ടായിരുന്നില്ല. 3. മുസ്ലിങ്ങളുടെ ഉടമസ്ഥതയിലുള്ള നൂർജഹാൻ ഹോട്ടലിൽനിന്നാണ് കലശഘോഷയാത്രയ്ക്കു നേരെ ചെരിപ്പെറിഞ്ഞതെന്ന കഥ മനഃപൂർവം അക്രമത്തിന് നിമിത്തമാകാൻവേണ്ടി കെട്ടിച്ചമച്ചതാണ്.*

ഇന്നത്തേതെന്നപോലെ, ഭരണത്തിലിരുന്ന കോൺഗ്രസ് മുന്നണിയുടെ നയങ്ങൾ അന്നും വർഗീയ ശക്തികൾക്ക് പ്രോത്സാഹനം നൽകിയിരുന്നു. അത് ആസൂത്രിതമായി മുതലെടുക്കാൻ, രാജ്യത്തിന്റെ മറ്റു പലഭാഗങ്ങളിലും കലാപം സൃഷ്ടിച്ച മാതൃകയിൽ തന്നെയാണ് തലശ്ശേരി കലാപത്തിനും ആർഎസ്എസ് ഒരുങ്ങിയത്. എന്നാൽ, അതിന്റെ വർഗീയലക്ഷ്യങ്ങൾക്ക് തടസ്സം നിന്നത് കമ്യൂണിസ്റ്റുകാരാണ്. സിപിഐ (എം) കണ്ണൂർ ജില്ലാ കമ്മിറ്റി അന്ന് പ്രസിദ്ധീകരണത്തിന് നൽകിയ പ്രസ്താവനയിൽ ഇങ്ങനെ പറയുന്നു:

*"ജനസംഘം, ആർഎസ്എസ് തുടങ്ങിയ വർഗീയ ശക്തികളുടെ സംഘടിതമായ നീക്കവും പ്രവർത്തനവുമാണ് ഇത് വളർത്തിയെടുത്തത്. ഊഹാപോഹങ്ങൾ പ്രചരിപ്പിച്ച് പ്രകോപനവും സംഘട്ടനവും സൃഷ്ടിക്കുന്നതിൽ പരിശീലനം ലഭിച്ച ചില ഏജൻറുമാർ പോലും പല സ്ഥലത്തും പ്രവർത്തിച്ചു വരുന്നതായി മനസ്സി*

ലാക്കുന്നു. അവർ പ്രചരിപ്പിക്കുന്ന ചില കള്ളക്കഥകളുടെ ഉദാഹരണങ്ങൾ കൂടി ഇവിടെ പകർത്തുകയാണ്. "മുസ്ലീങ്ങൾ ഹിന്ദുസ്ത്രീകളുടെ ഉടുതുണി അഴിപ്പിച്ചു നഗ്നരായി പട്ടണത്തിൽ പ്രദർശിപ്പിച്ചു; ഹിന്ദുസ്ത്രീകളെ തട്ടിക്കൊണ്ടുപോയി" തുടങ്ങിയിട്ടുള്ള കള്ളപ്രചാരണങ്ങളാണ് സാർവത്രികമായി നടന്നുവരുന്നത്.

'ആളുകളെ പ്രകോപിതരാക്കി അക്രമം വളർത്തിക്കൊണ്ടുവരുന്നതിൽ അത്തരം ശക്തികൾ അസാമാന്യമായ വൈദഗ്ധ്യം തന്നെ പ്രദർശിപ്പിച്ചു വരികയാണ്. ഇതിനും പുറമെ ഈ ശക്തികൾ തന്നെ ഹിന്ദു ദേവാലയങ്ങളും വീടുകളും മറ്റും നശിപ്പിച്ചുകൊണ്ട് കലാപം ആളിപ്പടർത്താനുള്ള നീചമായ ശ്രമം നടത്തിവരുന്നതായും മനസിലാവുന്നു. അതുകൊണ്ട് ഇത്തരം കള്ളപ്രചാരണങ്ങളിൽ അകപ്പെട്ട് പ്രകോപനങ്ങൾക്കിരയാകാതെ ശാന്തരായി സംഭവഗതികളെ നേരിടാനും സമുദായമൈത്രി പുന:സ്ഥാപിക്കാനും വേണ്ടി ദേശാഭിമാനികളായ മുഴുവൻ ആളുകളും മുന്നോട്ടുവരണമെന്ന് ജില്ലാ കമ്മിറ്റി അഭ്യർഥിക്കുന്നു. മാത്രമല്ല, സാമുദായിക കലാപത്തിന്റെ വിഷം കുത്തിവെച്ച് പുരോഗമന ജനാധിപത്യ പ്രസ്ഥാനങ്ങളെ ഭിന്നിപ്പിച്ച് തകർക്കാൻ ശ്രമിക്കുന്ന പിന്തിരിപ്പൻ വർഗീയ ശക്തികളെ നേരിട്ടുകൊണ്ട്, ആത്മത്യാഗം ചെയ്തുകൊണ്ടുപോലും നാടിനെയും ജനങ്ങളെയും രക്ഷിക്കാൻ പ്രതിജ്ഞയെടുത്തുകൊണ്ട് സമുദായമൈത്രിയുടെ സന്ദേശവുമായി ധീരമായി മുന്നോട്ടു നീങ്ങാൻ തയാറാകണമെന്ന് പാർട്ടി സഖാക്കളെയും ബന്ധുക്കളെയും ജില്ലാ കമ്മിറ്റി ആഹ്വാനം ചെയ്യുന്നു. കൂടാതെ അവശരും നിരാലംബരുമായി കഴിയുന്ന മുസ്ലീം ന്യൂനപക്ഷ വിഭാഗത്തിന്റെ സംരക്ഷണത്തിനുവേണ്ടി ത്യാഗപൂർവം പ്രവർത്തനം സംഘടിപ്പിക്കണമെന്ന് കമ്മിറ്റി അഭ്യർഥിക്കുന്നു. അതോടൊപ്പം സമുദായമൈത്രിക്കുവേണ്ടി പാടുപെട്ട് പരിശ്രമം നടത്തുന്ന എല്ലാ വിഭാഗം ജനങ്ങൾക്കും ജില്ലാ കമ്മിറ്റിയുടെ അഭിവാദ്യം അർപ്പിക്കുന്നു.'

ഉത്തർപ്രദേശിലും ഗുജറാത്തിലും ഇന്ന് വിജയകരമായി ആർഎസ്എസ് പരീക്ഷിക്കുന്ന വർഗീയ കലാപ തന്ത്രം പരാജയപ്പെട്ട ഏക അനുഭവമാണ് തലശ്ശേരിയുടേത്. അതിന് കാരണമായത് കമ്മ്യൂണിസ്റ്റുകാരാണ്–സിപിഐ (എം) ആണ്. തലശ്ശേരി കലാപത്തിൽ കൊല്ലപ്പെട്ട ഒരേയൊരു വ്യക്തി സിപിഐ (എം) മാങ്ങാട്ടിടം ലോക്കൽ കമ്മിറ്റിയംഗം യു കെ കുഞ്ഞിരാമനായിരുന്നുവെന്നും അദ്ദേഹത്തെ വധിച്ചത് ആർഎസ്എസ് ആണെന്നുമുള്ള വസ്തു

ത ആർഎസ്എസ് എന്തുകൊണ്ട് സിപിഐ എമ്മിനെതിരെ എന്ന ചോദ്യത്തിന് വ്യക്തമായ ഉത്തരം നൽകുന്നു.

കലാപങ്ങളുടെയും കൊലപാതകങ്ങളുടെയും വഴിയിലൂടെയുള്ള സഞ്ചാരം ഒരുവശത്ത് നടക്കുമ്പോൾ സൂക്ഷ്മതലത്തിലുള്ള സംഘാടനവും പ്രച്ഛന്ന ഇടപെടലുകളും വിപുലമായി; ഇടവേളയില്ലാതെ മുന്നേറുന്നുമുണ്ട്. ആദിവാസികൾക്കിടയിൽ, സർക്കാരുദ്യോഗസ്ഥർക്കിടയിൽ, അധ്യാപകർക്കിടയിൽ, തൊഴിലിടങ്ങളിൽ, വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ, സർക്കാരിതര സംഘടനകളിൽ, പൊലീസ് സംവിധാനത്തിൽ, ഐടി സ്ഥാപനങ്ങളിൽ, മാധ്യമങ്ങളിൽ - എല്ലായിടത്തും പ്രചാരകൻമാർ വിന്യസിക്കപ്പെട്ടു. അവർക്ക് കേന്ദ്രീകൃതമായ നേതൃത്വമുണ്ടായി. പരിശീലനവും പണവും സംരക്ഷണവും ലഭിച്ചു. ആർഎസ്എസിൻെറ സംഘടനാ സംവിധാനം എങ്ങനെ വിന്യസിക്കപ്പെട്ടു എന്ന് സംഘമതിൽകെട്ടിൽനിന്ന് സ്വയം മോചിതനായ മുൻപ്രചാരകൻ സുധീഷ് മിന്നി വിവരിക്കുന്നുണ്ട്: "*എന്റെ ചുമതല 'രാമാനുജ സരണി' എന്ന വിഭാഗത്തിൽ 'മാത്ത മാറ്റിക്സ് റിസർച്ച് സെന്റർ' എന്ന വ്യാജപേരിലുള്ള സംഘടനയിലാ യിരുന്നു. ഇതും സംഘത്തിന്റെ പരി വാർ പ്രസ്ഥാനമാണ്. ഇതുപോലെ പ്രച്ഛ ന്നവും അല്ലാത്തതുമായ ഒരുപാട് പരിവാർ പ്രസ്ഥാനങ്ങളുണ്ട്. പല പേ രിലും പല സ്ഥലങ്ങളിലായി രൂപീക രിച്ച് നടത്തപ്പെടുന്ന ട്രസ്റ്റുകളും ഇതിലുൾപ്പെടും.*" (നരകസാകേത്തിലെ ഉള്ള റകൾ, ചിന്ത)

അതേ പുസ്തകത്തിൽ സുധീഷ് ആർഎസ്എസ് പ്രവർത്തന പദ്ധതിയുടെ മറ്റൊരു വിശദീകരണം നൽകുന്നത് ശ്രദ്ധിക്കുക. "*കേരളത്തിൽ കമ്യൂണിസ്റ്റ് പാർട്ടിയെ തകർത്താലേ ജനങ്ങളിൽ നമുക്ക് വിശ്വാസ്യത ഉണ്ടാക്കാൻ കഴിയൂ.*

*അവരുടെ ആത്മാവ് ഉറങ്ങി കിടക്കു ന്നത് വിപ്ലവമണ്ണിലാണ്. പുന്നപ്രയും, കയ്യൂരും, കരിവെള്ളുരും മൊറാഴയും പോലുള്ള വിപ്ലവ കേന്ദ്രങ്ങളിൽ നുഴഞ്ഞു കയറണം. ഓരോ കേന്ദ്രത്തി ന്റെയും രൂപരേഖ സ്കെച്ചടക്കം പ്രത്യേകം പ്രത്യേകം പറഞ്ഞുതന്നു. അവിടത്തെ ഹൈസ്കൂൾ, കോളേജ്, കൂടുതൽ ആശ്രയിക്കുന്ന അമ്പലങ്ങൾ, മാർക്കറ്റ്, ബസ് സൗകര്യങ്ങൾ, ഹോസ് പിറ്റൽ തുടങ്ങിയ കാര്യങ്ങൾ വ്യക്ത മായി പറഞ്ഞുതന്നു. ആ സ്ഥലങ്ങളിൽ ജോലി ചെയ്ത ഉദ്യോഗസ്ഥരിൽ നിന്നാണ് ഈ വിവരം ശേഖരിച്ചത്. ഈ വിവരത്തിന്റെയൊക്കെ അടിസ്ഥാ*

നത്തിലാണ് കൂടാളി ഹൈസ്കൂൾ, അഞ്ചരക്കണ്ടി ഹൈസ്കൂൾ എന്നിവി ടങ്ങളിൽ മാത്സ് ക്ലബ്ബ് ഉദ്ഘാടനം ചെ യ്തതും പിണറായിയിൽ കണക്കിലൂടെ ശാഖയെടുക്കാൻ സാധിച്ചതും. ഇതു പോലെ ആദ്ധ്യാത്മിക പ്രവർത്തനം, യോഗ, സേവനമേഖല, ഒരു ട്യൂഷൻ സെന്റർ, ജോബ് ഓറിയന്റഡ് ട്രെയി നിങ്/പി എസ് സി കോച്ചിങ് സെന്റർ തുടങ്ങിയ വഴികളിലൂടെ കുറച്ചു കുറ ച്ചായി പ്രവർത്തനം മുന്നോട്ട് പോവണ മെന്ന് തീരുമാനമെടുക്കാൻ ആവശ്യ പ്പെട്ടു. നാം സ്വയം സേവകരാണ് എ ന്നത് ഒരു വിധത്തിലും മനസ്സിലാവരു തെന്നും അടുത്തുള്ള ശാഖയിലോ സംഘ പരിപാടികളിലോ പങ്കെടുക്കരു തെന്നും നിർദ്ദേശം നല്കി. തന്റെ ലക്ഷ്യം പൂർത്തിയാകുന്നതുവരെ അ വിടെ തുടരണം. 'ഞാൻ ഹിന്ദുവാണ്' എന്ന ബോധമുണ്ടാക്കി സംഘടനാ പ്രവർത്തനത്തിന് വഴിയൊരുക്കാനാണ് ഓരോരുത്തരും നിയോഗിക്കപ്പെട്ടതെന്ന് ആ മൂന്നു ദിവസത്തെ പരിപാടിയിൽ എനിക്ക് മനസ്സിലായി. ഇതുപോലെ ക്രൈസ്തവർ കൂടുതലുള്ള പ്രദേശം അവിടെ ജീവിക്കുന്ന ഹിന്ദുക്കളുടെ അവസ്ഥ, ഹൈന്ദവ ആരാധനാലയങ്ങ ളിലെ സ്ഥിതി ഇവയെല്ലാം വ്യക്തമായി ഞങ്ങളെ ബോദ്ധ്യ പ്പെടുത്തി.

"മുസ്ലീങ്ങൾ കൂടുതലുള്ള പ്രദേശം, അവിടെ നടക്കുന്ന തീവ്രവാദ പ്രവർ ത്തനം നോമ്പുകാലത്ത് നിർബ്ബന്ധിത കട അടപ്പിക്കൽ, അയ്യ പ്പന്മാർക്ക് അവിട ങ്ങളിൽ നേരിടുന്ന ബുദ്ധിമുട്ട് എ ന്നിവയും മനസ്സിലാക്കി ത്തരും. ശേഷം ഓരോരുത്തരും ഈ തലങ്ങളിൽ സ്വീക രിക്കുന്ന പ്രവർത്തന രേഖ (പ്രോജക്ട്) അതിനുവേണ്ട സാമ്പത്തിക മാർഗ്ഗം എല്ലാം ഒരു പേപ്പറിലെഴുതി രഹസ്യ മായി കവറിലിട്ട് കൊടുക്കും. അതീവ രഹസ്യമായി അവർക്ക് സംഘടനയിൽ നിന്ന് സഹായങ്ങൾ ലഭിക്കും. ഈ മൂന്ന് ദിവസത്തെ ക്യാമ്പിൽ നിന്നാണ് ഇവിടെ വന്നവരെല്ലാം കേരളത്തിലെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന പ്രച്ഛന്ന വേഷധാരികളായ മായാവി കളാണെന്നും മായാ വിസ്മയങ്ങൾ തീർ ത്ത് ആ പ്രദേശത്ത് ഹിന്ദുത്വ അജണ്ട നടപ്പാക്കാനാണ് ലക്ഷ്യമിടുന്നതെന്നും മനസ്സിലായത്. ക്യാമ്പ് കഴിയുന്ന ദി വസം എല്ലാവരും അവരുടെ പ്രവർ ത്തനം എങ്ങനെയായിരിക്കുമെന്ന് എഴു തി അതിനു സംഘടന നല്കേണ്ട തുക എന്നിവ വിശദീകരിച്ച് രഹസ്യമായി കവറിലിട്ട് അക്കൗണ്ട് നമ്പർ എഴുതി വച്ച ശേഷം

*ക്യാമ്പിൽ നിന്നും വിട വാങ്ങി. എന്നോടത് തയ്യാറാക്കേണ്ടതില്ല എന്നും സ്വതന്ത്രമായി നില്ക്കാനുമാണ് ആവശ്യപ്പെട്ടത്." (പേജ് 56, 57)*

കാൽനൂറ്റാണ്ടിൻെറ സംഘപ്രവർത്തന അനുഭവം സുധീഷ് മിന്നി വിളിച്ചു പറഞ്ഞപ്പോൾ, അംദ്ദേഹത്തെ ആക്ഷേപിക്കാനല്ലാതെ , വസ്തുനിഷ്ഠമായ മറുപടി പറയാൻ ആർഎസ്എസിന് കഴിഞ്ഞില്ല എന്നതും ഓർക്കേണ്ടതുണ്ട്. നിഗൂഢമായ ഇത്തരം ഇടപെടലുകളുടെയെല്ലാം ഫലമായി കേരളത്തിൽ മുന്നേറാൻ ആർഎസ്എസിന് കഴിഞ്ഞില്ല എന്നു പറയാനാവില്ല. ആ മുന്നേറ്റം പക്ഷെ രാജ്യത്തിൻെറ മറ്റൊരു ഭാഗത്തുമുള്ള വേഗത്തിലല്ല. എട്ടുപതിറ്റാണ്ടിലേറെ നീണ്ട യത്നംകൊണ്ട് സംസ്ഥാനത്തിൻെറ എല്ലാ ഭാഗത്തും സ്ഥാനാർത്ഥികളെ നിർത്താനുള്ള കരുത്തുപോലും സംഘത്തിന് ഉണ്ടാക്കാനായിട്ടില്ല. 2010 ൽ ഒരുലക്ഷം ഗണവേഷധാരികളെ പങ്കെടുപ്പിച്ച് പ്രാന്ത സാംഘിക് നടത്തുമെന്ന് പ്രഖ്യാപിച്ച ആർഎസഎസിന്, അതിന്റെ നാലിലൊന്ന് ആളുകളെ മാത്രമേ എത്തിക്കാൻ കഴിഞ്ഞുള്ളൂ. "ഡോ. മോഹൻജി ഭാഗവത് പരമപൂജനീയ സർസംഘചാലക് പദവി ഏറ്റെടുത്തതിനുശേഷം ആദ്യമായി നടത്തിയ രാജ്യവ്യാപകമായ സന്ദർശന പരിപാടിയുടെ ഭാഗമായിട്ടായിരുന്നു 2010 ഫെബ്രുവരി 24ന് കേരളത്തിലും വരുവാൻ തീരുമാനിച്ചത്."(ആർഎസ്എസ് നവോത്ഥാനത്തിന്റെ സാരഥി–കുരുക്ഷേത്ര പ്രകാശൻ) പൂർണ ഗണവേഷധാരികളായ ഒരുലക്ഷം സ്വയംസേവ കർ പങ്കെടുക്കുന്ന പ്രാന്തസംഘിക് നടത്തുവാനാണ് കേരളത്തിലെ സംഘ അധികാരിമാർ തീരുമാനിച്ചത് എന്നാണ് ആർഎസ്എസ് അവകാശപ്പെടുന്നത്. മലയാള മനോരമ ഉൾപ്പെടെയുള്ള മാധ്യമങ്ങൾ അത് ഏറ്റുപാടി. ഒരുലക്ഷം ഗണവേഷധാരികൾ അച്ചടക്കത്തോടെ ഡ്രിൽ നടത്തിയെന്ന് അവകാശപ്പെട്ട അവർ, 4000 ബസിലാണ് അവർ വന്നന്നും എഴുതി. അത് സത്യമാണെങ്കിൽ പങ്കെടുത്തത് 25,000 പേരല്ലേ എന്ന ചോദ്യത്തിന് ഇതുവരെ ആർഎസ്എസ് ഉത്തരം പറഞ്ഞിട്ടില്ല.

ഒരുഭാഗത്ത് ശശികലയടക്കമുള്ള പ്രസംഗകരുടെ പര്യടനങ്ങൾ സംഘടിപ്പിച്ച് 'സമാജത്തെ സജ്ജമാക്കുന്നു". ആസൂത്രിതമായ വർഗീയ ഇടപെടലുകൾ നടത്തുന്നു. ആയുധം ശേഖരിക്കുകയും പ്രയോഗം പരിശീലിക്കുകയും ചെയ്യുന്നു. കോൺഗ്രസ് എന്ന് മുസ്ലിം ലീഗുമായി സഖ്യമുണ്ടാക്കുമോ അന്ന് രാഷ്ട്രീയത്തിലിടപെടു

മെന്ന് പ്രഖ്യാപിച്ച ഡേംഗ്ഡിയുടെ സംഘടന കോൺഗ്രസ്-ബി
ജെപി-ലീഗ് സഖ്യമുണ്ടാക്കി തെരഞ്ഞെടുപ്പു രംഗത്തിറങ്ങിയ അനു
ഭവം വരെയുണ്ടായി. അത്തരം പരാജിതപരീക്ഷണങ്ങളുടെ പാഠമാ
ണ്, സ്വാധീനം സൃഷ്ടിക്കാൻ കുറുക്കുവഴി തേടുന്നതിലേക്ക് കേന്ദ്രീ
കരിക്കാൻ സംഘപരിവാറിനെ നിർബന്ധിതമാക്കിയത്. വെള്ളാപ്പള്ളി
നടേശനും ചില സാമുദായിക സംഘടനകളുടെ ഭാഗങ്ങളും ചേർ
ന്നാൽ ഹിന്ദു ഐക്യമാകും എന്ന തെറ്റിദ്ധാരണ സംഘ ബുദ്ധി
കേന്ദ്രങ്ങൾക്കില്ല. ജാതി സംഘടനകളുടെ ഐക്യം നേരായ വഴി
യിൽ രൂപപ്പെടുത്തുന്നതുമല്ല.

എങ്ങനെ ആർഎസ്എസ് സമുദായ സ്ഥാപനങ്ങളിലേക്കും സം
ഘടനകളിലേക്കും മതനിരപേക്ഷഇടങ്ങളിലേക്കും നുഴഞ്ഞു കയറു
ന്നു എന്നതിനും സുധീഷ് മിന്നിയുടെ അനുഭവം തെളിവു നൽകു
ന്നുണ്ട്. *"ആലുവ അദ്വൈതാശ്രമത്തിൽ കയറിപ്പറ്റി അതിലൂടെ ശി
വഗിരിയിലെത്താൻ നമുക്ക് കഴിയണമെന്നും ശ്രീനാരായണീയരു
മായി കൂടുതലായി നമുക്ക് അടുക്കാൻ കഴിയണ മെന്നും
അതിനുവേണ്ടി പ്രവർത്തിക്ക ണമെന്നും എന്നോട് പറഞ്ഞു. ശിവ
ഗിരി മഠത്തിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ സംഘ് ശക്തി
വ്യാപനം കുറവാണ്. ഘട്ടം ഘട്ടമായ പ്രവർത്തന ങ്ങളിലൂടെ
മാത്രമേ അവിടെ സ്വാധീന മുറപ്പിക്കാൻ കഴിയുകയുള്ളൂ. അരുന്ധ
തിറോയിയുടെ ഗോഡ് ഓഫ് സ്മാൾ തിങ്സ് എന്ന കൃതിയെ
ആസ്പദമാക്കി അവിടെയൊരു ചർച്ച സംഘടിപ്പി ക്കണം. ചെറിയ
ചുവടുവയ്പുകളിൽ നിന്നാണ് ഏതൊരു വലിയ മഹായാത്രയും
ആരംഭിക്കുന്നതെന്ന് മുരളീ ധർജി പറഞ്ഞു. "കണക്കിന്റെ പുസ്
തകം എഴുതണമെന്ന് പറഞ്ഞാണ് അ ദ്വൈതാശ്രമത്തിൽ കയറി
പറ്റേണ്ടത്. അവിടെ ഒളിക്യാമറ ഉപയോഗിക്കണം" എന്നും പറഞ്ഞു.
ഒളിക്യാമറ ഉപയോഗി ക്കുന്നതിനെ ഞാൻ എതിർത്തു. ഏതാ
യാലും അദ്വൈതാശ്രമത്തിൽ ഒരു മാസ ത്തോളം ഞാൻ വി ഐ
പി മുറി യിൽ കഴിഞ്ഞു. ശിവഗിരിമഠത്തിലും ഏഴു ദിവസം തങ്ങി.
അവിടത്തെ സ്വാമിമാ രെപ്പറ്റിയും അവരുടെ പ്രവർത്തന ങ്ങൾ
സംബന്ധിച്ചും എഴുതി ഞാൻ സംഘിന് സമർപ്പിച്ചു.
അദ്വൈതാശ്രമം ഉപമഠാധിപതിക്ക് എന്നോട് വലിയ
സ്നേഹമായിരുന്നു. അദ്ദേഹത്തിന്റെ ഏതൊരു യാത്രയിലും എന്നെ
കൂടെ കൊണ്ടുപോയിരുന്നു. അദ്ദേഹത്തെ മൂന്നാറിൽ
കൊണ്ടുപോയി 'ട്രാപ്പ്' ചെയ്യാനൊക്കെ സംഘം തീരുമാനി ച്ചിരുന്നു.*

*എന്റെ വാക്കുകൾ വിശ്വസിച്ച അദ്ദേഹം വളരെ വിശ്വസ്തതയോടെ ആശ്രമത്തിലെ വരവുചെലവ് കണക്ക് പരിശോധിക്കാൻ എന്നെയാണ് ഉപ യോഗിച്ചത്. നിരവധി കരയോഗങ്ങളിൽ എന്നെ പങ്കെടുപ്പിച്ചിരുന്നു. ആ മഹാ ത്മാവിനെ ഞാൻ പറ്റിക്കുകയായിരുന്നുവെന്ന് പിന്നീട് അദ്ദേഹം തിരിച്ച റിഞ്ഞു. അതിനെ തുടർന്ന് ആശ്രമ ത്തിൽ നിന്ന് ഞാൻ എറണാകുള ത്തേക്ക് പോയി. എന്റെ ആ ദൗത്യം വലിയ വിജയമായിരുന്നു എന്നാണ് ജയേട്ടൻ എന്നോട് പറഞ്ഞത്. വിവിധ മഠങ്ങളുടെയും അവയുടെ അധിപന്മാ രുടെയും സ്വാമിജിമാരുടെയും സ്വഭാവ സവിശേഷതയും ദൗർബല്യങ്ങളും ശക്തിയും മനസ്സിലാക്കുന്നതിന് സാധിക്കുകയും അത് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കി സംഘിന് നല്കു കയും ചെയ്തു." (പേജ് 59)*

വെള്ളാപ്പള്ളിയുമായുള്ള കൊടുക്കൽവാങ്ങലുകൾ മാത്രമല്ല, മഠാധിപതികളെ ഒളിക്യാമറയിൽപെടുത്തുക, കെണിയൊരുക്കി പിടികൂടുക, അതിനായി ചാരൻമാരെ നിയോഗിക്കുക എന്നിങ്ങനെയുള്ള ഇടപെടലുകളും ആർഎസ്എസ് നടത്തുന്നു എന്നാണിതിൽ വ്യക്തമാകുത്. ശ്രീനാരായണ പ്രസ്ഥാ നത്തെ വിഴുങ്ങാൻ ആർഎസ്എസിന്റെ പദ്ധതി ആറുപതിറ്റാണ്ടിനു മുമ്പുതന്നെ ആരംഭിച്ചിരുന്നുവെങ്കിലും ഒരുഘട്ടത്തിൽപ്പോലും വിജയിച്ചിരുന്നില്ല എന്നത് സംഘപരിവാറിന്റെ എക്കാലത്തെയും പരാജയമായാണ്, അവർതന്നെ വിലയിരുത്തുന്നത്. എ കെ ആന്റണി മുഖ്യമന്ത്രിയായ ഘട്ടത്തിൽ ശിവഗിരിയിൽ നടത്തിയ പൊലീസ് അതിക്രമത്തിലേക്ക് നയിച്ചതിലും ആർഎസ്എസ് ഇടപെട ലുണ്ടായിരുന്നു. നരേന്ദ്രമോഡിയെയും വർഗീയ പ്രസംഗകരായ കേന്ദ്രമന്ത്രിമാരെയും ശ്രീനാരായണ വേദികളിലേക്ക് ആകർഷിക്കുന്നതിന് ആർഎസ്എസിന്റെ പ്രത്യേക സംഘം പ്രവർത്തിച്ചിരുന്നു. ചില സന്യാസിമാർക്ക് ആർഎസ്എസ് നേരിട്ട് നിർദേശം നൽകുന്നതായും ശാശ്വതീകാനന്ദയുടെ മരണം സംബന്ധിച്ച വിവാദത്തിനിടെ വെളിപ്പെടുത്തലുണ്ടായി.

കമ്മ്യൂണിസ്റ്റുകാരും മുസ്ലിങ്ങളും ക്രൈസ്തവരുമടങ്ങുന്ന ശത്രുപ്പട്ടിക മടക്കിവെക്കാതെ തന്നെ, താൽക്കാലികമായ പദ്ധതികൾ ആവിഷ്കരിക്കുകയും അത് നടപ്പാക്കുമ്പോൾ പ്രഖ്യാപിത വിരോധങ്ങൾക്ക് ക്ഷണികമായ അവധികൊടുക്കുകയും ചെയ്യുന്ന വൈചിത്ര്യം ആർഎസഎസിൻെറ പതിവു രീതിയാണ്. അത്തരം മലക്കംമറിയലുകളിലും

കപടനീക്കങ്ങളിലും വ്യാജ പ്രചാരണങ്ങളിലും മടികൂടാതെ ഭാഗഭാക്കാകുന്നു എന്നതാണ് ആർഎസ്എസിൻെറ ഒരു പ്രത്യേകത. അതുകൊണ്ടാണ്, സംവരണ സമുദായ മുന്നണിനേതാവു കൂടിയായിരുന്ന വെള്ളാപ്പള്ളി നടേശൻെറ കൈളിലേക്ക് കാവിക്കൊടി വെച്ചുകൊടുക്കാൻ സർസംഘചാലക് സംവരണത്തെക്കുറിച്ച് സ്ഫുടതയോടെ പറയുമ്പോഴും സംഘത്തിന് കഴിയുന്നത്.

ശ്രീനാരായണീയരെ ചുണ്ണാമ്പുകുത്തി അൻപതുകളിൽ ആരംഭിച്ച നീക്കങ്ങൾക്ക് പുതിയ മാനമുണ്ടായത് അമിത് ഷായുടെ രംഗപ്രവേശത്തോടെയാണ്. എസ്ആർപി, എൻഡിപി എന്നീ രാഷ്ട്രീയപാർടികളുടെ പരാജയവും പതനവും സമുദായസംഘടനകളുടെ രാഷ്ട്രീയ മോഹങ്ങൾക്ക് ഒരു പരിധിവരെ അറുതിവരുത്തിയതാണ്. സമീപനാളുകളിൽ, എസ്എൻഡിപി യോഗത്തെ തന്റെ രാഷ്ട്രീയലക്ഷ്യങ്ങൾക്കായി ദുരുപയോഗിക്കാൻ ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശന് അമിത്ഷാ അവസരമൊരുക്കി. എസ്എൻഡിപി യോഗം എന്ന പ്രസ്ഥാനത്തെ പടലയോടെ സ്വന്തമാക്കാനുള്ള പദ്ധതിയാണ് അമിത്ഷാ തയ്യാറാക്കിയത്. സ്വാമി ശാശ്വതീകാനന്ദയുടെ മരണത്തിന്റെ ഘട്ടത്തിലും വെള്ളാപ്പള്ളിക്ക് രാഷ്ട്രീയപാർടി രൂപീകരണപദ്ധതി ഉണ്ടായിരുന്നു.

അത് സാധ്യമാകാതെ വന്നപ്പോൾ അധികാരത്തിൽ വരുന്ന കക്ഷികൾക്കുമേൽ സമ്മർദശക്തിയായി നിലക്കൊള്ളാനാണ് വെള്ളാപ്പള്ളി തയ്യാറായത്. എൻഎസ്എസ്-എസ്എൻഡിപി സഖ്യം എന്ന ആശയവും വെള്ളാപ്പള്ളിയിലൂടെ ആർഎസ്എസ് മുന്നോട്ടുവെക്കുകയായിരുന്നു. സംഘപരിവാറിന്റെ വലയിൽ കെണിയുന്നത് ആത്മഹത്യാപരമാകും എന്ന തിരിച്ചറിവാണ് എൻഎസ്എസിനെ അതിൽനിന്ന് പിന്തിരിപ്പിച്ചത്. വെള്ളാപ്പള്ളി നടേശൻ പക്ഷെ പിന്മാറിയില്ല. മതചിഹ്നങ്ങളും ആചാരങ്ങളും ആരാധനാലയങ്ങളും ആഘോഷങ്ങളും മറയാക്കി രാഷ്ട്രീയസ്വാധീനം നേടാൻ ശ്രമിക്കുന്ന ആർഎസ്എസിന്റെ സഖ്യശക്തിയായി അദ്ദേഹം സ്വയം മാറി. കേരളത്തിന്റെ സവിശേഷമായ മാധ്യമപരിസരത്തിൽ, മാർക്സിസ്റ്റ് പാർടിക്ക് ക്ഷീണം പറ്റുന്നു എന്ന പ്രചാരണത്തിന് വെള്ളാപ്പള്ളിയുടെ ഈ നിലപാട് ശക്തിപകരുക യായിരുന്നു. പാർടിക്കൊപ്പം നിൽക്കുന്ന ഈഴവസമുദായാഗംങ്ങൾ ബിജെപിയിലേക്ക് പോകുന്നു എന്ന പ്രചാരണം മുഖ്യധാരാ മാധ്യമങ്ങളിൽ ചിലത് ബോധപൂർവം ഏറ്റെടുത്തു.

ഫലത്തിൽ ആർഎസ്എസിന്റെയും ബിജെപിയുടെയും പ്രമുഖ നേതാക്കളടക്കം (ഒ കെ വാസു, അശോകൻ, സുധീഷ് മിന്നി) സിപിഐ എമ്മിലേക്കാണ് എത്തുന്നത് എന്ന യാഥാർത്ഥ്യം ഈ മാധ്യമങ്ങൾ ശ്രദ്ധിച്ചില്ല. മതാചാരങ്ങളും അനുഷ്ഠാനങ്ങളും ഭക്തിയും രാഷ്ട്രീയ ആയുധമാക്കുന്ന ആർഎസ്എസിനെ എങ്ങനെ നേരിടാം എന്ന ചിന്ത സാർവത്രികമായി ഉണർന്നതിൻെറ പശ്ചാത്തലം അതാണ്.

ആർഎസ്എസ് നടത്തുന്ന കൊലപാതകങ്ങൾ, അക്രമങ്ങൾ, കലകപ പദ്ധതികൾ, ആയുധ പരിശീലനം, ശേഖരണം- കഴിഞ്ഞ അരനൂറ്റാണ്ടിൽ കേരളത്തെ അസ്വസ്ഥമാക്കിയ വിഷയങ്ങളിൽ മുഖ്യസ്ഥാനം ഇവയ്ക്കാണ്. സിപിഐ എം പ്രവർത്തകരെ മാത്രമല്ല, പാർട്ടി പ്രവർത്തകൻെറ പിഞ്ചു കുഞ്ഞിനെ വരെ കൊല്ലാൻ മടിയില്ല എന്ന് കാസർകോട്ടെ ഫഹദിനെ വകവരുത്തിയതിലൂടെ തെളിയിച്ചു. ആർഎസ്എസ് കേരളത്തിനുമുന്നിൽ വലിയൊരു യുദ്ധമുഖം തുറന്നിട്ടിരിക്കുന്നു. കേരളത്തിന്റെ മതനിരപേക്ഷ രാഷ്ട്രീയം ആർഎസ്എസിൽനിന്ന് എക്കാലത്തും വെല്ലുവിളി നേരിട്ടിട്ടുണ്ടെങ്കിലും ഇന്ന് ആ അവസ്ഥയ്ക്ക് ഗൗരവം കൂടുതലാണ്.

രാജ്യത്തിന്റെ രാഷ്ട്രീയ അധികാരം ആർഎസ്എസ് കൈയാളുന്നു. ചങ്ങാത്ത മുതലാളിത്തത്തിന്റെ സവിശേഷതയായ അധികാര-കോർപ്പറേറ്റ്-മാധ്യമ സഖ്യം ആർഎസ്എസ് പദ്ധതികളുടെ നടത്തിപ്പ് ഏറ്റെടുക്കുന്നു. നാളെ 'ഗോമാതാ സംരക്ഷണ ഉദ്യമങ്ങൾ' കൊലപാതകങ്ങളായോ കലാപങ്ങളായോ ഉയർന്നുവരാനുള്ള ഇടമായും പ്രബല മതവിഭാഗങ്ങൾക്കിടയിൽ സ്പർധയും സംഘർഷവും വളരാനുള്ള വേദിയായും കേരളത്തെ മാറ്റാനുള്ള പദ്ധതി ആർഎസ്എസ് എന്നത്തേക്കാളും സജീവമാക്കിയിരിക്കുന്നു എന്നതാണ് പുതിയ കാലത്തിന്റെ വർത്തമാനം.

# എസ്.എൻ.ഡി.പിയെ വിൽക്കുന്നവരോട്...

ടി.വി.രാജേഷ്

'ജാതിഭേദം മതദ്വേഷം
ഏതുമില്ലാതെ സർവ്വരും സ്വാദരത്തേനെ
വാഴുന്ന മാതൃകാസ്ഥാനമാണിത്'

1888-ൽ സ്വന്തം കൈപ്പടയിൽ അരുവിപ്പുറത്ത് ശ്രീനാരായണ ഗുരു കുറിച്ചിട്ട ഈ വരികൾ കാലത്തിന്റെ ചുവരെഴുത്തായി. ജാതി പറയരുത്, ചോദിക്കരുത്... ഗുരു താക്കീത് ചെയ്തു. ജാതി ചിന്തകൾക്കും വർണ്ണ വ്യവസ്ഥയ്ക്കും എതിരായ കലഹമായിരുന്നു ഗുരുവിന്റെ ജീവിതം..., എസ്.എൻ.ഡി.പിയുടെ ചരിത്രം....

ജാതി-വർണവ്യവസ്ഥയെ ഉപാസിക്കുന്നതാണ് സംഘപരിവാറിന്റെ സൈദ്ധാന്തിക അടിത്തറ. സംഘപരിവാറിന്റെ ആധിപത്യത്തിലുള്ള ഇന്ത്യൻ തെരുവുകളിലൂടെ സഞ്ചരിച്ചാൽ ഇക്കാര്യം നമുക്ക് നേരിൽക്കാണാം. സവർണ്ണ ന്യൂനപക്ഷത്തിന്റെ അവകാശങ്ങൾ മാത്രം സംരക്ഷിക്കുന്ന സംഘപരിവാർ ഭരണ നേട്ടങ്ങൾ നേരിൽ കാണാനാകും. എസ്.എൻ.ഡി.പിയും വെള്ളാപ്പള്ളിയും സർക്കാർ സർവ്വീസിലെ സംവരണത്തെക്കുറിച്ച് മുദ്രാവാക്യം മുഴക്കാറുണ്ട്. സ്വതന്ത്ര ഇന്ത്യയിൽ സംവരണപ്രശ്നം സജീവ ചർച്ചയാകുന്നത് മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാൻ വി.പി. സിംഗ് സർക്കാർ ശ്രമിച്ച ഘട്ടത്തിലാണ്. കേന്ദ്രസർക്കാർ സർവ്വീസിൽ പിന്നോക്കക്കാർക്ക് 27% സംവരണം നീക്കിവയ്ക്കണം എന്ന മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിനെതിരെ സമരം സംഘടിപ്പിച്ചതാര്? എ.ബി.വി.പിയുടെ സമരത്തിനിടയിലാണ് ഡൽഹിയിൽ ഒരു വിദ്യാർത്ഥി തീകൊളുത്തി ആത്മഹത്യ ചെയ്യുന്നത്. മണ്ഡൽ

വിരുദ്ധ പ്രക്ഷോഭത്തെ സംഘപരിവാറാണ് നയിച്ചത്. പിന്നോക്ക ക്കാരന് പരിമിതമായ സംവരണത്തിനുള്ള സാധ്യത തുറന്നപ്പോൾ അസ്വസ്ഥമായി, അക്രമാസക്തമായതാണ് മുഖംമൂടികൾക്കുള്ളിലെ യഥാർത്ഥ സംഘപരിവാർ മനസ്സ്. ആർ.എസ്.എസ് ന് അധി കാരം ലഭിച്ച ഒരു സംസ്ഥാനത്തുപോലും സംവരണ പ്രശ്നത്തെ അഭിസംബോധന ചെയ്യാൻ അവർ ശ്രമിച്ചില്ല. ജോലിയും ഇതര അവകാശങ്ങളും പോയിട്ട്, മനുഷ്യരായി ജീവി ക്കാനുള്ള അവകാശംപേലും പിന്നോക്ക ജനവിഭാഗത്തിന് ബി. ജെ.പി ഭരിക്കുന്ന, അവർക്ക് സ്വാധീനമുള്ള സംസ്ഥാനങ്ങളിൽ ഇല്ല.

ദക്ഷിണേന്ത്യയിൽ ആദ്യമായി ബി.ജെ.പി അധികാരത്തിൽ വന്ന കർണാടകയിൽ, ഉഡുപ്പി കുക്കെ സുബ്രഹ്മണ്യ സ്വാമി ക്ഷേത്ര ത്തിൽ നടക്കുന്ന മഡസ്നാന എന്ന ദുരാചാരം (സവർണ്ണർ കഴി ച്ചുപേക്ഷിച്ച എച്ചിലിലകളിൽ ദളിതർ ഉരുളുന്നത്) ഇപ്പോഴും നില നിൽക്കുന്നു. ഐ.ഐ.ടിയിൽ പ്രവേശനം ലഭിച്ച ഉത്തർപ്രദേശിലെ അധ:സ്ഥിത ജനവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥിയുടെ വീട് സവർണർ ആക്രമിച്ച സംഭവം നടന്നിട്ട് അധിക ദിവസമായില്ല. തമി ഴ്നാട്ടിലെ ജാതിമതിലുകളും, ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നട ക്കുന്ന ദുരഭിമാനഹത്യകളും, അങ്ങനെ കൊടിയ പീഢനങ്ങളുടെ ചരിത്രം മാത്രമാണ് പിന്നോക്ക ജനവിഭാഗങ്ങൾക്ക് ബി.ജെ.പിയുടെ സംഭാവന. ആ സംഘപരിവാർ ക്യാമ്പിലേക്കാണ് എസ്.എൻ.ഡി. പിയെ കൊണ്ടുതളയ്ക്കാൻ വെള്ളാപ്പള്ളിയും മകനും ശ്രമിക്കുന്നത്!

കേരളത്തിൽ വേരുറപ്പിക്കാൻ ബി.ജെ.പി ഏറെക്കാലമായി ശ്രമി ക്കുന്നുണ്ട്. കോൺഗ്രസും ലീഗുമായി ചേർന്നുപോലും തിരഞ്ഞെ ടുപ്പ് രഹസ്യസഖ്യത്തിന് ബി.ജെ.പി തയ്യാറായി. 1991-ലെ കോ.ലീ.ബി സഖ്യത്തിൽ പോലും ബി.ജെ.പിയെ കേരളത്തിന്റെ ജനാധിപത്യ മനസ്സ് സ്വീകരിച്ചില്ല. ഇടതുപക്ഷ മതേതര മനസ്സാണ് ആധുനിക കേരളത്തിന്റെ അടിത്തറ. ഈ അടിത്തറയ്ക്ക് വിള്ളലേൽപ്പിക്കാ നും രാഷ്ട്രീയ ലാഭം ഉണ്ടാക്കാനും മാത്രമാണ് എസ്.എൻ.ഡി.പി ബാന്ധവത്തിലൂടെ ആർ.എസ്.എസ് ലക്ഷ്യം വയ്ക്കുന്നത്. എസ്. എൻ.ഡി.പിയുടെ നേതൃത്വത്തിൽ നിൽക്കുന്നവരാകട്ടെ സംഘപ രിവാർ വച്ചുനീട്ടിയ വ്യക്തിപരമായ നേട്ടങ്ങൾക്ക് വേണ്ടി ശ്രീനാ രായണഗുരുവിനെ സംഘപരിവാർ അംബാസഡറാക്കി കരാർ എഴു താൻ കാത്തുനിൽക്കുന്നു! ഗുരുദേവ ദർശനങ്ങൾ മലയാളികളുടെ

മനസ്സിലാണ് വേരാഴ്ത്തി നിൽക്കുന്നത്. നിക്ഷിപ്ത താൽപര്യക്കാർ ഒറ്റപ്പെടുക തന്നെ ചെയ്യും. സംഘപരിവാറിന്റെ കരിപിടിച്ച ഭൂതകാലത്തെ മഞ്ഞപുതപ്പിച്ച് മറയ്ക്കാനാകില്ല. കേരളത്തിന്റെ പ്രൗഢമായ നവോത്ഥാന പൈതൃകത്തെ ഒരു തൃശൂലമുനയിലും തളച്ചിടാനും സാധിക്കില്ല.

ബി.ജെ.പിയോട് സഹകരിക്കുന്നത് സമുദായത്തിന്റെ നേട്ടങ്ങൾക്ക് വേണ്ടിയാണെന്ന് വെള്ളാപ്പള്ളി വിശദീകരിക്കുന്നു. ബി. ജെ.പി തുടരുന്ന നവലിബറൽ സാമ്പത്തിക നയങ്ങളുടെ ഭാഗമായി ജീവിതം തകർന്നുപോയ ഈഴവ (തിയ്യ)ർ ഉൾപ്പെടെയുള്ളവരില്ലേ? ആത്മഹത്യാ മുനമ്പിൽ നിൽക്കുന്ന റബ്ബർ കർഷകരിൽ ഈഴവരില്ലേ? സർക്കാർ സർവ്വീസിൽ സംവരണം പോരെന്ന് വാദിക്കുന്ന വെള്ളാപ്പള്ളിക്ക് എങ്ങനെയാണ്, നിലവിലുള്ള സർക്കാർ-പൊതുമേഖലകൾപോലും സ്വകാര്യ-വിദേശ നിക്ഷേപത്തിന് തുറന്നുകൊടുക്കണമെന്ന് നയമുള്ള ബി.ജെ.പിയോട് ഐക്യപ്പെടാനാവുക?

ബ്രിട്ടീഷ് കാലത്തുപോലും വിധേയരായി, ദാസ്യമനോഭാവത്തോടെ വെള്ളക്കാരുടെ കാൽകഴുകിയ ഇന്ത്യൻ ഉപരിവർഗ്ഗമുണ്ടായിരുന്നു. ചില രാജാക്കന്മാരും നാടുവാഴികളും നാട്ടുപ്രമാണിമാരും ചില മത നേതാക്കളും ഉൾപ്പെടെ ഒരു വിഭാഗം അന്നും അധികാരത്തോട് ചേർന്ന് വാലാട്ടി നിന്നു. അധികാരത്തിന്റെ ഉമ്മറത്ത് പോയി നിന്ന് നാവൂറിയവർക്ക് സായിപ്പന്മാർ അപ്പക്കഷണങ്ങൾ എറിഞ്ഞുകൊടുത്തു. അപ്പക്കഷണങ്ങൾക്കായി അവർ വീണ്ടും വീണ്ടും സായിപ്പന്മാർക്കൊപ്പം സ്നേഹം കാട്ടി. പോരാളികളെ തേടി വെള്ളക്കാർ വേട്ടയ്ക്കിറങ്ങിയപ്പോഴും അവർ വഴികാട്ടി മുൻപേ നടന്നു. സ്വന്തം കുടുംബത്തെയും ഉറ്റവരെയും പോലും അവരിൽ പലരും ഒറ്റുകൊടുത്തു, കാഴ്ചവച്ചു. ആ ഒറ്റുകാരല്ല ചരിത്രത്തിൽ വിജയിച്ചത്. കിട്ടിയ റൊട്ടിക്കഷണങ്ങൾക്കപ്പുറത്ത് ചരിത്രത്തിൽ ഒന്നും നേടാതെ ഒതുങ്ങിപ്പോയവരായി അവർ മാറി. വച്ചുനീട്ടുന്ന അപ്പക്കഷണങ്ങളിൽ കണ്ണുനട്ട് എസ്.എൻ.ഡി.പിയുടെ മഹത്തായ പൈതൃകത്തെ വിലയിട്ടു വിൽക്കുന്ന അഭിനവ ഷൈലോക്കുമാർക്ക് കാലം മാപ്പു നൽകില്ല.

# മതനിരപേക്ഷത സംരക്ഷിക്കാൻ

## എം.സ്വരാജ്

മതനിരപേക്ഷത ഒരു രാഷ്ട്ര സങ്കൽപമെന്ന നിലയിലാണ് ഏറെ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളത്. ഇന്ത്യ ഒരു മത നിരപേക്ഷ രാഷ്ട്രമാണ് എന്നത് ഭരണഘടനയുടെ ആമുഖത്തിലെ ഒരു ആലങ്കാരിക പ്രയോഗമല്ല. അക്ഷരാർത്ഥത്തിൽ തന്നെ അർത്ഥപൂർണമായ രാഷ്ട്രവിശകലനമാണത്. ഭരണഘടനയുടെ പിറവിക്കും, സ്വാതന്ത്ര്യലബ്ധിക്കുമെല്ലാം മുമ്പുതന്നെ ഇന്ത്യയുടെ രക്തത്തിലലിഞ്ഞു ചേർന്ന വികാരമാണ് മതനിരപേക്ഷത. ഇന്ത്യയെ പോലെ വൈവിധ്യ സമ്പന്നമായ ഒരു രാജ്യത്തിന് മതനിരപേക്ഷതയെ ജീവവായുവായി സ്വീകരിച്ചുകൊണ്ടു മാത്രമേ നിലനിൽക്കാനാവൂ എന്നതാണ് യാഥാർത്ഥ്യം.

രാഷ്ട്രത്തിനു മതമില്ല എന്ന വിളംബരമാണ് മതനിരപേക്ഷ രാഷ്ട്രം എന്ന വാക്കിന്റെ കാതൽ. രാഷ്ട്രം മതനിരപേക്ഷമാണ് എന്ന് വിളംബരം ചെയ്യുമ്പോൾ തന്നെ ഇന്ത്യ മതസ്വാതന്ത്ര്യത്തെ ഉയർത്തിപ്പിടിയ്ക്കുന്നുമുണ്ട്. ഏതൊരു പൗരനും തനിക്കിഷ്ടമുള്ള മതത്തിൽ വിശ്വസിക്കാനും, ഒരു മതത്തിലും വിശ്വസിക്കാതെ മതരഹിതനായി ജീവിക്കുവാനും ഇന്ത്യയിൽ സ്വാതന്ത്ര്യമുണ്ട്. അതുകൊണ്ടുതന്നെ മതസംബന്ധിയായ ആകുലതകൾക്ക് ഒരു പ്രസക്തിയുമില്ലാത്ത രാജ്യമാവണം ഇന്ത്യ. 'എനിക്ക് എന്റെ മതം, നിങ്ങൾക്ക് നിങ്ങളുടേതും' എന്ന പ്രവാചക വചനം ഇവിടെ നമുക്കോർക്കാവുന്നതാണ്.

എണ്ണിയാലൊടുങ്ങാത്ത വിശ്വാസ ധാരകളാൽ സമ്പന്നമായ ഇന്ത്യയ്ക്ക് മതനിരപേക്ഷത ഉയർത്തിപ്പിടിച്ചുകൊണ്ടു മാത്രമെ മുന്നോട്ടു പോകാനാവൂ. ചരിത്രത്തിലുടനീളം ഈ ഉന്നതമായ ചിന്തയെ പ്രോത്സാഹിപ്പിക്കാൻ നമുക്കായിട്ടുണ്ട്. സ്വതന്ത്ര്യ സമര കാലത്തും, സ്വാതന്ത്ര്യാനന്തരവും മതപരമായ സൗഹൃദാന്തരീക്ഷത്തിന് പോറലേൽക്കാതിരിക്കാൻ നാം ജാഗ്രത പാലിച്ചിട്ടുമുണ്ട്. വ്യത്യസ്ത മതവിഭാഗങ്ങളിൽപെട്ടവർ ഏക മനസോടെയാണ് ബ്രിട്ടീഷ് വിരുദ്ധ സമരത്തിൽ അണിനിരന്നത്. രാജ്യത്തിന്റെ എല്ലാ ചലനങ്ങളിലും മതത്തിനതീതമായി നിലകൊണ്ടവരാണ് ഇന്ത്യൻ ജനസാമാന്യം. ഒറ്റപ്പെട്ട ദൗർഭാഗ്യകരമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും ഒരേ മനസോടെ രാഷ്ട്ര പുരോഗതിക്കുവേണ്ടി അണിനിരക്കാനുമുള്ള സന്നദ്ധതയാണ് എന്നും ഇന്ത്യ പ്രദർശിപ്പിച്ചത്.

ഇന്ത്യയുടെ മതനിരപേക്ഷ പാരമ്പര്യത്തിനും സംസ്കാരത്തിനും പോറലേൽപിച്ചത് 1925-ൽ രൂപംകൊണ്ട ആർ.എസ്.എസ് ആണ്. ആർ.എസ്.എസ് ന്റെ രൂപീകരണം തന്നെ മഹാരാഷ്ട്രയിലെ ദളിത് മുന്നേറ്റങ്ങളെ തടയാൻ വേണ്ടിയായിരുന്നു. ദളിത്-ന്യൂനപക്ഷ വിരുദ്ധത കൊടിയടയാളമായി സ്വീകരിച്ച സംഘടനയാണ് ആർ.എസ്.എസ്. രാഷ്ട്രീയ സ്വയം സേവക സംഘത്തിന്റെ രണ്ടാമത്തെ സർസംഘ് ചാലക് ആയ മാധവ സദാശിവ ഗോൾവൾക്കർ എഴുതിയ 'വിചാരധാര'യാണ് ആർ.എസ്.എസിന്റെ അടിസ്ഥാന ഗ്രന്ഥം. വിചാരധാരയുടെ 19,20,21 അധ്യായങ്ങളിലായി ഇന്ത്യയുടെ ഭീഷണികളെ കുറിച്ച് ദീർഘമായി പ്രതിപാദിക്കുന്നുണ്ട്. മുസ്ലീംങ്ങളും, ക്രിസ്ത്യാനികളും, കമ്യൂണിസ്റ്റുകാരുമാണ് ഇന്ത്യയുടെ ആഭ്യന്തര ഭീഷണികളെന്നാണ് വിചാരധാര പറയുന്നത്. അതിനാൽ ഈ 'ഭീഷണികളെ' തുടച്ചു നീക്കുകയെന്നതാണ് ആർ.എസ്.എസ്ന്റെ ലക്ഷ്യം. ഇഷ്ടമില്ലാത്തവരെ കൊന്നൊടുക്കുമെന്ന് ഇത്തരുണത്തിൽ ആർ.എസ്.എസ് മുമ്പേ പ്രഖ്യാപിച്ചിരിക്കുന്നുവെന്ന് സാരം.

ആസൂത്രിതമായി വർഗ്ഗീയ കലാപങ്ങളും വംശഹത്യകളും നടത്തികൊണ്ട് ഇന്ത്യക്കാർക്കിടയിൽ ചേരിതിരിവുണ്ടാക്കാനും വോട്ടു ബാങ്കുകൾ സൃഷ്ടിച്ച് രാഷ്ട്രീയാധികാരം പിടിക്കാനുമുള്ള പച്ചയായ വർഗീയ നീക്കമാണ് ആർ.എസ്.എസ് നടത്തുന്നത്. 16-ാം ലോക്സഭാ തെരഞ്ഞെടുപ്പിനുശേഷം ബി.ജെ.പിയ്ക്ക് തനിച്ച് അധികാരത്തിൽ വരാൻ കഴിഞ്ഞത് ഒരവസരമായി എടുക്കുന്ന ആർ.എ

സ്.എസ് ന്റെ ഭീകരമുഖമാണ് നാമിപ്പോൾ കാണുന്നത്. രാജ്യത്തെ സമ്പൂർണമായി വർഗീയവൽകരിച്ചുകൊണ്ട് അനാദികാലത്തേയ്ക്ക് അധികാരം കയ്യാളാനുള്ള നീക്കമാണിപ്പോൾ നടക്കുന്നത്.

ഭയപ്പെടുത്തിയും, കൊലപ്പെടുത്തിയും എതിർക്കുന്നവരെ ഇല്ലാതാക്കാനും മതാടിസ്ഥാനത്തിൽ മനുഷ്യരെ ചേരിതിരിച്ചും ശത്രുതാമനോഭാവം വളർത്തിയും രാഷ്ട്രീയ നേട്ടമുണ്ടാക്കാൻ ശ്രമിക്കുന്നവർ തകർക്കുന്നത് സഹസ്രാബ്ദങ്ങളുടെ പഴക്കമുള്ള സംസ്കാരത്തെയും, രാജ്യത്തെയുമാണ്. ഇന്ത്യൻ ജനാധിപത്യവും മതനിരപേക്ഷതയും സംരക്ഷിക്കാൻ ആർ.എസ്.എസിനെ ഒറ്റപ്പെടുത്തേണ്ടതുണ്ട്.

ഗാന്ധിജിയെ കൊന്നവർ തോക്കു താഴെ വെച്ചിട്ടില്ല എന്നതിന്റെ ഭയനാകമായ ഓർമപെടുത്തുലാണ് സമീപകാലത്തുണ്ടായ ആവർത്തിച്ചുള്ള കൊലപാതകങ്ങൾ. ശാസ്ത്ര പ്രചാരകൻ നരേന്ദ്ര ധാബോൽകറും, ചരിത്രകാരൻ ഗോവിന്ദ് പൻസാരെയും, പണ്ഡിതനായ കൽബുർഗിയും അരുംകൊലചെയ്യപ്പെടുമ്പോൾ തലകുനിക്കേണ്ടിവരുന്നത് രാഷ്ട്രത്തിനു തന്നെയാണ്. വയോധികരായ മഹാപണ്ഡിതന്മാരെ വെടിവെച്ചു കൊല്ലുന്നതിലൂടെ എതിർക്കുന്നവർക്ക് വ്യക്തമായ സന്ദേശമാണ് ആർ.എസ്.എസ് നൽകുന്നത്. വിദ്വേഷവും ശത്രുതയും വമിക്കുന്ന ആക്രോശങ്ങളിലൂടെ സംഘപരിവാർ നേതൃത്വം ഇന്ത്യയെ ഭയത്തിന്റെ റിപ്പബ്ലിക്കാക്കി മാറ്റുന്നു.

പശുവിന്റെ പേരിൽ മനുഷ്യരെ കൊല്ലുന്നവർ ലോകത്തിന്റെ മുന്നിൽ ഇന്ത്യയെ വീണ്ടും അപമാനിക്കുകയാണ്. മനുഷ്യർക്ക് ജീവിക്കാൻ കൊള്ളാത്ത നാടാക്കി രാജ്യത്തെ മാറ്റുകയാണ്. പെട്ടെന്നൊരു ദിവസം പശുമാംസം കഴിക്കുന്നത് മനുഷ്യരെ കൊല്ലാനുള്ള കാരണമായി മാറിയിരിക്കുന്നു. പശുവിന്റെ മാംസം ഇന്ദ്രൻ കഴിച്ചിരുന്നതായി ഋഗ്വേദത്തിൽ പരാമർശിക്കുന്നുണ്ട്. അന്ന് ആർ.എസ്.എസ് ഉണ്ടായിരുന്നെങ്കിൽ ഇന്ദ്രന്റെ സ്ഥിതി എന്താകുമായിരുന്നുവെന്ന് ചിന്തിക്കുന്നത് നന്നായിരിക്കും. പൗരാണിക കാലത്ത് പശു ഇറച്ചി കഴിക്കാത്തവരെ ഉത്തമഹിന്ദുക്കളായി കണക്കാക്കിയിരുന്നില്ലെന്ന് സ്വാമി വിവേകാനന്ദൻ എഴുതിയിട്ടുണ്ട്. എന്നാൽ ഇന്ന് ഇഷ്ടമില്ലാത്തവരെ കൊല്ലാൻ ഭക്ഷണത്തെ ഒരു കാരണമാക്കുകയാണ് സംഘപരിവാരം. കഴിക്കുന്ന ഭക്ഷണത്തിന്റെ പേരിൽ മനുഷ്യരെ കൊല്ലുന്ന മറ്റൊരു രാജ്യവും ലോകത്തുണ്ടാവില്ല.

അവനവന്റെ വിശ്വാസങ്ങൾ വെച്ചുപുലർത്താനും, ഇഷ്ടപ്പെട്ട

ഭക്ഷണം കഴിക്കുവാനും, കഴിയാതെ വന്നാൽ സ്വാതന്ത്ര്യമെന്നത് അർത്ഥമില്ലാത്ത വെറുമൊരു വാക്കുമാത്രമായി ചുരുങ്ങിപ്പോകും. ഇന്ത്യയിലിന്ന് അത്തരമൊരവസ്ഥ വന്നു ചേർന്നിരിക്കുന്നു. അതു കൊണ്ടു തന്നെ മതനിരപേക്ഷത സംരക്ഷിക്കാനുള്ള സമരം സ്വാതന്ത്ര്യം സംരക്ഷിക്കാൻ കൂടിയുള്ളതാണ്.

എതിർ സ്വരമുയർത്തുന്നവരെ കൊന്നൊടുക്കുന്ന അസഹിഷ്ണു തയുടെ രാഷ്ട്രീയത്തിനെതിരെ രാജ്യമെമ്പാടും പ്രതിഷേധം ശക്ത മായി വരികയാണ്. പുരസ്കാരങ്ങൾ തിരിച്ചു നൽകിയും, സർക്കാർ സമിതികളിൽനിന്ന് രാജിവെച്ചും, കലാ-സാഹിത്യ രംഗങ്ങളിലെ പ്രമുഖർ തങ്ങൾ കൊല്ലപ്പെടുന്നവർക്കും പൊരുതി നിൽക്കുന്ന വർക്കും ഒപ്പമാണെന്ന് പ്രഖ്യാപിച്ചു കഴിഞ്ഞു. വരാനിരിക്കുന്നത് യോജിച്ച മഹാ സമരങ്ങളായിരിക്കുമെന്ന് പ്രതീക്ഷിക്കാം.

രാജ്യമാകെ ആർ.എസ്.എസ് ഭീകരതയ്ക്കെതിരെ ശബ്ദമുയർത്തു മ്പോൾ ഒരു കൂട്ടർ കേരളത്തിൽ ആർ.എസ്.എസ് പതാക പുതയ്ക്കാൻ ശ്രമിക്കുകയാണ്. ഇത്തരമൊരു വികൃത നിലപാട് സ്വീകരിച്ചിരിക്കുന്നത് വെള്ളാപ്പള്ളി നടേശനും കുടുംബവുമാണ്. അദ്ദേഹത്തിന് ആർ.എസ്.എസിലോ, അൽഖൊയ്ദയിലോ ചേരാ നുള്ള വ്യക്തിപരമായ സ്വാതന്ത്ര്യത്തെ ആർക്കും തടയാനാവില്ല. എന്നാൽ എസ്.എൻ.ഡി.പി യോഗമെന്ന ഒരു മഹാപ്രസ്ഥാനത്തെ കൊലയാളികളുടെ തൊഴുത്തിൽ കെട്ടാൻ ശ്രമിക്കുമ്പോൾ ചരി ത്രവും വർത്തമാനവും മനസിലാക്കുന്നവരെല്ലാം അയ്യേ! എന്ന് അറി യാതെ പറഞ്ഞുപോകും.

കേരളീയ നവോത്ഥാനത്തിന് നേതൃത്വം നൽകിയ ശ്രീനാരായണ ഗുരു അന്ത്യശ്വാസം വരെ പോരാടിയത് മദ്യത്തിനും, മതത്തിനും, ജാതിയ്ക്കുമെതിരായിട്ടായിരുന്നു. "ജാതിഭേദം, മതദ്വേഷമേതുമി ല്ലാതെ സർവ്വരും സോദരത്വേന വാഴുന്ന മാതൃകാ സ്ഥാന മാണിതെ"ന്ന് അരുവിപ്പുറത്ത് പ്രഖ്യാപിച്ചത് ഗുരുവായിരുന്നു. നിർഭാഗ്യവശാൽ ഇന്ന് അദ്ദേഹത്തിന്റെ പേര് ഉപയോഗിക്കുന്ന ചിലർ ഗുരു എന്തിനെയെല്ലാം എതിർത്തിരുന്നുവോ അതിനെ യെല്ലാം വാരിപ്പുണരുകയാണ്. വ്യക്തിപരമായ നിക്ഷിപ്ത താൽപ ര്യങ്ങൾക്ക് കീഴടങ്ങി തെറ്റായ നിലപാടു സ്വീകരിക്കുന്നവർ ഗുരു വിനോടും ഗുരുവിന്റെ ആശയങ്ങളോടും പൊറുക്കാനാവാത്ത അപ രാധമാണ് ചെയ്യുന്നത്.

സംഘപരിവാർ ക്രിമിനലുകൾ ഹരിയാനയിൽ ദളിത് കുഞ്ഞു

ങ്ങളെ ചുട്ടുകൊല്ലുമ്പോഴും, പിന്നോക്കക്കാർക്ക് സംവരണം വേണ്ടെന്ന് ആർ.എസ്.എസ് മേധാവി ആവർത്തിച്ചു പ്രഖ്യാപിക്കുമ്പോഴും ഒരക്ഷരം മിണ്ടാത്തവർ സമുദായാംഗങ്ങളെ ഒറ്റുകൊടുക്കുന്നത് നല്ല ഉദ്ദേശ്യത്തോടെയാണെന്ന് കരുതാൻ സ്ഥിരബുദ്ധിയുള്ളവർക്ക് കഴിയില്ല. ആർ.എസ്.എസിന്റെ വർഗീയ അജണ്ടകൾക്ക് കീഴടങ്ങാത്ത കേരളത്തെ കൈപ്പിടിയിലൊതുക്കാനുള്ള സംഘപരിവാർ നീക്കമാണ് വെള്ളാപ്പള്ളി നടേശനിലൂടെ ഇപ്പോൾ നടക്കുന്നത്. മറ്റ് ജാതി സംഘടനകളെയും പാട്ടിലാക്കാനുള്ള ശ്രമത്തിലാണ് ആർ.എസ്.എസ്.

കേരളത്തെ ഭ്രാന്താലയമെന്ന് വിശേഷിപ്പിച്ചത് സ്വാമി വിവേകാനന്ദനാണ്. ഉച്ചനീചത്വങ്ങളുടെ ഭൂതകാലത്തോട് കണക്കുതീർത്ത് ആധുനിക കേരളം സൃഷ്ടിച്ചത് സാമൂഹ്യ പരിഷ്കർത്താക്കളും, നവോത്ഥാന പ്രസ്ഥാനങ്ങളും കമ്യൂണിസ്റ്റുകാരും ചേർന്നാണ്. അപ്പോഴെല്ലാം 'ഭ്രാന്താലയ'ത്തെ സംരക്ഷിക്കാനായിരുന്നു ആർ.എസ്.എസ് ശ്രമം. ഇപ്പോഴാവട്ടെ ആധുനിക കേരളത്തെ ഭ്രാന്താലയമാക്കി മാറ്റാനുള്ള തന്ത്രപ്പാടിലാണവർ. ആർ.എസ്.എസിന്റെ വർഗീയാതിക്രമങ്ങൾ ന്യൂനപക്ഷ വർഗീയതയ്ക്ക് വളമായി മാറുന്നതും കാണാതിരിന്നുകൂടാ. എല്ലാത്തരം വർഗീയതയും നാടിനാപത്താണ്. ഒരുപോലെ എതിർക്കപ്പെടേണ്ടതുമാണ്. ജാതീയതയോടും വർഗീയതയോടും ഭയരഹിതമായി ഏറ്റുമുട്ടിക്കൊണ്ടേ മതനിരപേക്ഷത സംരക്ഷിക്കാനാവൂ.

കയ്യൂരിൽ നിന്നും അരുവിപ്പുറത്തുനിന്നും ആരംഭിക്കുന്ന സെക്കുലർ മാർച്ച് വർഗീയ വാദികളോടുള്ള കേരളീയ യുവത്വത്തിന്റെ യുദ്ധപ്രഖ്യാപനമാണ്. കേരളത്തെ ഭ്രാന്താലയമാക്കാൻ ഒരു ശക്തിയെയും അനുവദിക്കില്ലെന്ന മുന്നറിയിപ്പാണ്.

Printed & Published by M.Swaraj on behalf of DYFI, Kerala State Committee Rs.3/-

കേരളം ഭ്രാന്താലയമാക്കരുത്

# DYFI



# സെക്കുലർ മാർച്ച്

നവംബർ 17 - ഡിസംബർ 5
**കയ്യൂർ - എറണാകുളം**
ജാഥാ ക്യാപ്റ്റൻ : എം.സ്വരാജ്
മാനേജർ : പി.എ.മുഹമ്മദ് റിയാസ്

നവംബർ 19 - ഡിസംബർ 5
**അരുവിപ്പുറം - എറണാകുളം**
ജാഥാ ക്യാപ്റ്റൻ : ടി.വി.രാജേഷ്
മാനേജർ : കെ.എസ്.സുനിൽകുമാർ

Indic Digital Archive Foundation
gpura.org